# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 10, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--327]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി | : 2725 മുതൽ 2834 വരെ |
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 2835 മുതൽ 2896 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 2897 മുതൽ 2995 വരെ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി | : 2996 മുതൽ 3051 വരെ |

**<u>ലൈഫ് ഭവന പദ്ധതി</u>**

2725 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ആദിവാസി കുടുംബങ്ങൾക്ക് നിലവിൽ വീട് നിർമ്മിച്ചു നൽകുന്നുണ്ടോ; എങ്കിൽ ആയതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

**<u>നെന്മാറ മണ്ഡലത്തിലെ ആദിവാസി കുടുംബങ്ങൾ</u>**

2726 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിൽ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് വീടും സ്ഥലവും അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**<u>ഗുരുവായൂർ മണ്ഡലത്തിൽ ഭൂമിയ്ക്കായുള്ള അപേക്ഷകൾ</u>**

2727 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് ഗുരുവായൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ എത്ര കുടുംബങ്ങൾ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; അപേക്ഷകരുടെ പേര് തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ എത്രപേർക്ക് ഭൂമി ലഭിച്ചിട്ടുണ്ടെന്ന് പേര്, തദ്ദേശസ്ഥാപനം സഹിതം വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ ഭൂരഹിത പുനരധിവാസ പദ്ധതി

2728 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം അരുവിക്കര മണ്ഡലത്തിൽ അർഹരായി കണ്ടെത്തിയ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

## പട്ടികജാതി കുടുംബങ്ങൾക്കുള്ള ഭൂ വിതരണം

2729 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വീട് വെയ്ക്കുന്നതിന് ഭൂമിയില്ലാത്ത പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട എത്ര കുടുംബങ്ങൾ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ബ്ലോക്കടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ; ഇതിൽ എത്രപേർക്ക് ഭൂമി ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ ഭൂ-ഭവനരഹിതർ

2730 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ വീടുവയ്ക്കാൻ സ്ഥലമില്ലാത്ത എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ ലൈഫ് പദ്ധതി

2731 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ നിലവിലെ സർക്കാരിന്റെ കാലത്ത് ലൈഫ് മിഷൻ പദ്ധതിയിലൂടെ അനുവദിച്ച പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വീടുകളുടെ

എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

**ഭൂ-ഭവനരഹിത കുടുംബങ്ങൾ**

2732 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന എത്ര കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയും വീടുമില്ലെന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ വിശദമാക്കാമോ?

**ലാന്റ് ബാങ്ക് പദ്ധതിയിലെ ഭൂവിതരണം**

2733 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലാൻഡ് ബാങ്ക് പദ്ധതി അനുസരിച്ച് കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി നൽകിയതിന്റെ വിശദാംശം ലഭ്യമാക്കാമോ; ഈ ആവശ്യത്തിനായി എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി**

2734 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി നൽകും എന്ന വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഭൂമി നൽകാൻ സാധിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; പദ്ധതി നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി**

2735 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വീട് വെക്കാൻ ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ സർക്കാർ സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ഭവന നിർമ്മാണത്തിനായി ഭൂമി കൈമാറ്റം ചെയ്യാൻ അനുമതി**

2736 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ച ഭൂമി വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലാത്തതിനാൽ കൈമാറ്റം ചെയ്ത് മറ്റൊരു ഭൂമി വാങ്ങുന്നതിന് അനുമതി ലഭിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ കൊടകര ബ്ലോക്കിലെ പുതുക്കാട്-കണ്ണമ്പത്തൂർ ദേശത്ത് തോപ്പിൽ വീട്ടിൽ രമേഷ് ടി.ആർ. സമർപ്പിച്ച അപേക്ഷ വകുപ്പിന്റെ

പരിഗണനയിലുണ്ടോ; പ്രസ്തുത അപേക്ഷ പരിഗണിച്ച് ആയതിന് അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**വടക്കാഞ്ചേരി മണ്ഡലത്തിലെ ഭൂരഹിതർ**

2737 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട എത്ര ഭൂരഹിത കുടുംബങ്ങൾ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്രപേർക്ക് ഭൂമി ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**ഭൂമി കൈമാറുന്നതിനുള്ള അനുമതി**

2738 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നുമുള്ള ധനസഹായത്തോടെ വീട് വയ്ക്കുന്നതിന് വാങ്ങിയ സ്ഥലം വെള്ളം കയറുന്നതിനാൽ വീട് പണിയുന്നതിന് സാധ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി കൈമാറുന്നതിന് ഗുണഭോക്താവിന് പ്രത്യേക അനുമതി ലഭ്യമാക്കുമോ;

(ബി) വീട് വയ്ക്കാൻ കഴിയാത്ത പ്രസ്തുത സ്ഥലം വിൽക്കുന്നതിന് ഉപാധികളോടെയാണെങ്കിലും ഗുണഭോക്താവിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ?

**ഭൂ-ഭവനരഹിത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ**

2739 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിലവിൽ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര ഭൂ-ഭവനരഹിത കുടുംബങ്ങളാണുള്ളതെന്ന് ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂ-ഭവനരഹിതർക്ക് ഭൂമിയും വീടും നല്കുന്നതിന് ആലപ്പുഴ ജില്ലയിൽ 2016-17 മുതൽ നടപ്പിലാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

**പട്ടികജാതി, പട്ടികവർഗ്ഗ ഘടക പദ്ധതി, കിഫ്ബി വിഹിതങ്ങൾ**

2740 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. റോജി എം. ജോൺ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നാളിതുവരെ ചെലവഴിച്ച തുകയിൽ അഞ്ചു ശതമാനത്തിൽ താഴെ മാത്രമാണ് എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായുള്ള പദ്ധതികൾക്കായി അനുവദിച്ചതെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് പദ്ധതി അടങ്കലിന്റെ നിശ്ചിത വിഹിതം ജനസംഖ്യയ്ക്ക് ആനുപാതികമായി എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് ഘടക പദ്ധതിയായി അനുവദിച്ചിട്ടുണ്ടെങ്കിലും 2022-23, 2023-24, 2024-25 വർഷങ്ങളിൽ പദ്ധതി അടങ്കൽ വർധിക്കാത്തതു കാരണം പ്രസ്തുത കാലയളവിൽ എസ്.സി.പി., ടി.എസ്.പി ഫണ്ടിൽ വർദ്ധനവ് ഉണ്ടായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളിൽ വർദ്ധനവ് വരുത്താത്തതും കിഫ്ബി പ്രവൃത്തികളിൽ നിന്നും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളെ ഒഴിവാക്കുകയും ചെയ്യുന്ന നടപടി ഭരണഘടനാ വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## തളിപ്പറമ്പ് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

2741 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

## പട്ടാമ്പി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

2742 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി നഗറുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് നാളിതുവരെയുള്ള പുരോഗതി അറിയിക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി അനുവദിച്ചതെന്നും ഒരോ പദ്ധതിയ്ക്കും ഏത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) മണ്ഡലത്തിൽ നാളിതുവരെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഓരോ നഗറിലും എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന വിശദാംശം നൽകാമോ;

(ഡി) മണ്ഡലത്തിൽ ഇനി നവീകരിക്കുവാൻ ബാക്കിയുള്ള പട്ടികജാതി നഗറുകളുടെ വിശദാംശവും അവയിലെ കുടുംബങ്ങളുടെ എണ്ണവും അറിയിക്കാമോ?

## ഏറനാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

2743 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഏറനാട് മണ്ഡലത്തിൽ എത്ര പട്ടിക ജാതി - പട്ടിക വർഗ്ഗ നഗറുകളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി

നവീകരിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഓരോ നഗറിനും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ 2023-24 വർഷം ഉൾപ്പെടുത്തിയ എടവണ്ണ പഞ്ചായത്തിലെ കൊടിഞ്ഞാറുപൊയിൽ, ഊർങ്ങാട്ടിരി പഞ്ചായത്തിലെ കരിപ്പാത്തിചാലിൽ എന്നീ നഗറുകളുടെ നവീകരണം സംബന്ധിച്ച പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; പ്രസ്തുത നഗറുകളുടെ നിർമ്മാണം വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ മാളികതൊടായി നഗറിനെ 2024-25 വർഷത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നല്കിയ പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; പുതിയ നഗറുകളെ ഉൾപ്പെടുത്തി ഇറങ്ങിയ ഉത്തരവിൽ പ്രസ്തുത നഗർ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## <u>വണ്ടൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>

2744 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ നഗറുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(സി) വണ്ടൂർ മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ കോർപ്പസ് ഫണ്ടിൽ നിന്ന് തുക അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

## <u>ഗുരുവായൂർ മണ്ഡലത്തിലെ പട്ടികജാതി നഗറുകൾ</u>

2745 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലും 2 നഗരസഭകളിലുമായി എത്ര പട്ടികജാതി നഗറുകളുണ്ടെന്ന് വിശദമാക്കാമോ; ചാവക്കാട് ബ്ലോക്ക്, തളിക്കുളം ബ്ലോക്ക്, ഗുരുവായൂർ നഗരസഭ എന്നീ പട്ടികജാതി വികസന ഓഫീസുകൾക്ക് കീഴിൽ വരുന്ന നഗറുകളും അവയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണവും ഇനംതിരിച്ച് വ്യക്തമാക്കാമോ?

## <u>കടുത്തുരുത്തി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>

2746 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലയളവിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കടുത്തുരുത്തി മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ അനുവദിച്ചിട്ടുണ്ട്; അപ്രകാരം അനുവദിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി ലഭ്യമാക്കാമോ;

(ബി) 2021-25 കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ പട്ടികതിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി കുടുംബങ്ങൾക്കുള്ള ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകളാണ് തിരഞ്ഞെടുത്തത്; ഇതിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും എത്രയെണ്ണം പൂർത്തിയായി വരുന്നുവെന്നുമുള്ളതിന്റെ കണക്ക് ലഭ്യമാക്കുമോ;

(ഡി) ലൈഫിന്റെ മൂന്നാം ഘട്ടത്തിൽ സ്ഥലവും വീടുമില്ലാത്ത എത്ര പേർക്കാണ് ഭവനസമുച്ചയങ്ങൾ അനുവദിച്ചതെന്നും അതിൽ എത്രയെണ്ണം പൂർത്തിയായി വരുന്നുവെന്നും വിശദമാക്കാമോ?

## <u>പൂഞ്ഞാർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി</u>

2747 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ആഴമല ഐ.എച്ച്.ഡി.പി. നഗർ, മൂക്കൻപെട്ടി ഐ.എച്ച്.ഡി.പി. നഗർ, മുറികല്ലുംപുറം നഗർ എന്നീ പട്ടികജാതി നഗറുകളിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

## <u>പൂഞ്ഞാർ മണ്ഡലത്തിലെ പട്ടികവർഗ്ഗ ഉന്നതികളുടെ വികസനം</u>

2748 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗ ഉന്നതി, തുമരംപാറ പട്ടികവർഗ്ഗ ഉന്നതി, എന്നിവിടങ്ങളിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

## <u>കോങ്ങാട് മണ്ഡലത്തിലെ അംബേദ്കർ നഗർ പദ്ധതി</u>

2749 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള അംബേദ്കർ നഗർ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി ലഭ്യമാക്കാമോ?

## <u>പട്ടികജാതി-പട്ടികവർഗ്ഗ നഗറുകൾ</u>

2750 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. മുരളി പെരുനെല്ലി**

**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ നഗറുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുവാൻ 2011-12 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) അംബേദ്കർ ഗ്രാമം പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

## വളവഞ്ചിറ നഗർ നവീകരണം

2751 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ മണ്ണാർക്കാട് മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമ പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട വളവഞ്ചിറ നഗർ നവീകരണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പൊതുമേഖല സ്ഥാപനമായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിനെ നിർവഹണ ഏജൻസിയായി നിർദ്ദേശിച്ച് പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസർ 19.10.2024-ന് പട്ടികജാതി വികസന ഡയറക്ടർക്ക് കത്ത് നൽകിയിട്ടും ഇതിൽ തീരുമാനം എടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## വാമനപുരം മണ്ഡലത്തിലെ ഉന്നതികളുടെ നിർമ്മാണ പുരോഗതി

2752 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നിലവിലെ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ പട്ടികജാതി - പട്ടികവർഗ്ഗ ഉന്നതികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

## നെന്മാറ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

2753 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ ഉന്നതികളെയാണ് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉന്നതികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) നിലവിൽ ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

## രാമയ്യർ നഗറിലെ അംബേദ്കർ ഗ്രാമം പദ്ധതി

2754 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന ബാലുശ്ശേരി മണ്ഡലത്തിലെ രാമയ്യർ നഗറിൽ എന്തെല്ലാം പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ തുടങ്ങാനാകും; വിശദമാക്കാമോ?

## തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി വികസന പദ്ധതികൾ

2755 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21, 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് തിരുവനന്തപുരം നഗരസഭ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം നഗരസഭാ പരിധിയിൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കിയ ഉന്നതികൾ ഏതൊക്കെയാണ്; ഓരോ സങ്കേതത്തിലും നടത്തിയ പ്രവൃത്തികളുടെ വിശദാംശം വർഷവും തുകയും സഹിതം ലഭ്യമാക്കാമോ?

## അംബേദ്കർ ഗ്രാമം പദ്ധതി എസ്റ്റിമേറ്റുകളുടെ അംഗീകാരം

2756 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്നത് വൈകുന്നതിനാൽ പദ്ധതി പ്രാവർത്തികമാക്കുന്നതിന് കാലതാമസം വരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികവർഗ്ഗ നഗറുകളുടെ നവീകരണം

2757 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ നഗറുകൾ നവീകരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

2758 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## പീച്ചാം കോട് അംബേദ്കർ ഗ്രാമം പദ്ധതി

2759 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവശ്ശേരി പഞ്ചായത്തിലെ പീച്ചാംകോട് അംബേദ്കർ സമഗ്ര വികസന ഗ്രാമം പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## കുണ്ടറ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

2760 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജക മണ്ഡലത്തിൽ 2021-22 മുതൽ 2024-25 വരെ അനുവദിച്ചിട്ടുള്ള അംബേദ്കർ ഗ്രാമം പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും ആയതിന്റെ നിലവിലെ പ്രവർത്തനപുരോഗതി എന്തെന്നും ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## കണ്ണങ്കര നഗറിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി

2761 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ് പഞ്ചായത്തിലെ ആറാം വാർഡിൽ കണ്ണങ്കര പട്ടികജാതി നഗറിനെ 2024-25 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എം.എൽ.എ. സമർപ്പിച്ച കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നഗറിനെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## കൊളക്കോട് അംബേദ്കർ ഗ്രാമം പദ്ധതി

2762 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ കൊളക്കോട് അംബേദ്കർ ഗ്രാമം പദ്ധതി പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## ആലപ്പുഴ ജില്ലയിലെ അംബേദ്കർ ഗ്രാമം പദ്ധതി

2763 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് ആലപ്പുഴ ജില്ലയിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം അനുവദിച്ച നഗറുകളുടെ വിശദാംശങ്ങൾ നിയോജക മണ്ഡല അടിസ്ഥാനത്തിൽ വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നഗറുകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ തൽസ്ഥിതി വിശദമാക്കുമോ?

## കാസർഗോഡ് മണ്ഡലത്തിലെ നഗറുകളുടെ വികസനം

2764 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ നഗറുകളിൽ നിലവിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുകയും തുക അനുവദിച്ച വർഷവും നിർമ്മാണം തുടങ്ങിയ തീയതിയും നിർമ്മാണം പൂർത്തീകരിക്കാൻ അനുവദിച്ച തുകയും കരാറുകാരന്റെ പേരും പ്രവൃത്തികൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) അനുവദിച്ച സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ പതിനാലു വർഷത്തിനിടയിൽ മണ്ഡലത്തിൽ പൂർത്തീകരിച്ച പദ്ധതികളും ഇനി തുടങ്ങാനിരിക്കുന്ന പദ്ധതികളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## നെന്മാറ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

2765 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി സങ്കേതങ്ങളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം സങ്കേതങ്ങളുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ബാക്കിയുള്ളവയുടെ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

## പുല്ലുകാട് പട്ടികവർഗ്ഗ സങ്കേത വികസനം

2766 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ നെല്ലിയാമ്പതി പഞ്ചായത്തിലുള്ള പുല്ലുകാട് പട്ടികവർഗ്ഗ സങ്കേതത്തിന്റെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

2767 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ആശ്വാസസഹായം വിതരണം ചെയ്യാറുണ്ടോ; വിശദമാക്കുമോ;

(ഡി) അതിക്രമങ്ങൾ നേരിടേണ്ടി വന്നവർക്ക് സർക്കാർ സർവീസിൽ നിയമനം നൽകാറുണ്ടോ; വ്യക്തമാക്കുമോ?

## ഇ ഗ്രാന്റ് പദ്ധതി

2768 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് നൽകുന്നതിനുള്ള സംവിധാനം വിശദമാക്കാമോ;

(ബി) മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയിട്ടുള്ളതും ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്തതിനാൽ അമിത ഫീസ് നൽകി സ്വകാര്യ ഹോസ്റ്റലിൽ താമസിച്ച് പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസ് നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## ആലുവയിലെ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

2769 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവയിൽ പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ പ്രിൻസിപ്പൽ തസ്തികയിലെ ഒഴിവ് നികത്താത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; പ്രസ്തുത തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും നിയമന നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ പ്രിൻസിപ്പലിന്റെ ചാർജ് ജില്ലാ ഓഫീസർക്കാണോ നൽകിയിരിക്കുന്നതെന്നും മിനിസ്റ്റീരിയൽ വിഭാഗത്തിലുള്ളവർക്ക് പ്രിൻസിപ്പലിന്റെ ചാർജ് നൽകിയത് ചട്ടവിരുദ്ധമല്ലേയെന്നും ചാർജ് നൽകിട്ടുള്ള ഉദ്യോഗസ്ഥന് പ്രിൻസിപ്പൽ നിയമന ചട്ടങ്ങളിൽ അനുശാസിക്കുന്ന യോഗ്യതയുണ്ടോയെന്നും വിശദമാക്കാമോ;

(സി) പട്ടികജാതി വികസന വകുപ്പ് നടത്തിവന്നിരുന്ന യു.പി.എസ്.സി./ബാങ്ക് പരീക്ഷാ പരിശീലനം നിർത്തിവച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ/മേയ് മാസങ്ങളിൽ നടത്തിവന്നിരുന്ന ക്രാഷ് കോഴ്സുകളിൽ 2023-24 ൽ എത്ര പേർക്ക് പരിശീലനം നൽകിയെന്നും എത്ര പേർക്ക് വിവിധ കോഴ്സുകളിൽ പ്രവേശനം ലഭിച്ചുവെന്നുമുള്ള വിവരം കോഴ്സ് തിരിച്ച് ലഭ്യമാക്കാമോ?

## കുന്ദമംഗലം മണ്ഡലത്തിലെ പ്രീമെട്രിക് ഹോസ്റ്റലുകൾ

2770 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള എത്ര പ്രീമെട്രിക് ഹോസ്റ്റലുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഇവ ഓരോന്നിലും എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; ഇവ വിപുലപ്പെടുത്താൻ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ചേലക്കര മണ്ഡലത്തിലെ പഠനമുറി പദ്ധതി

2771 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും (2025 ഫെബ്രുവരി വരെ) കാലങ്ങളിൽ ചേലക്കര മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി എത്ര പേർക്ക് പഠനമുറി നൽകിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകുമോ?

## പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

2772 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുക എന്ന് വരെ അനുവദിച്ചിട്ടുണ്ടെന്നും നിലവിൽ അനുവദിക്കാനുള്ള തുക എത്രയാണെന്നും ഇതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) തുക അനുവദിക്കാൻ ബാക്കി നിൽക്കുന്നതിൽ ഹയർസെക്കന്ററി മുതൽ പോസ്റ്റ് ഡോക്ടറൽ കോഴ്സുകൾ വരെ പഠിക്കുന്ന വിദ്യാർത്ഥികളുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന വിവരം തരംതിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്കോളർഷിപ്പിനായി നിലവിൽ ബഡ്ജറ്റിൽ തുക ബാക്കിയുണ്ടോ; ഇല്ലെങ്കിൽ അധിക തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## വിദേശ പഠനത്തിന് ധനസഹായം

2773 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര വിദ്യാർത്ഥികൾക്ക് സഹായം നൽകിയിട്ടുണ്ട്; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ അക്കാദമിക വർഷം വിദ്യാഭ്യാസ സഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകുമോ; അപേക്ഷകൾ അംഗീകരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

## വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് പദ്ധതി

2774 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ പോസ്റ്റ് ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ/തത്തുല്യ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ എന്നിവയ്ക്ക് പട്ടികജാതി വകുപ്പ് നൽകിവരുന്ന സ്കോളർഷിപ്പ് പദ്ധതിയ്ക്ക് അർഹതയുള്ള കോഴ്സുകളെയും സ്ഥാപനങ്ങളെയും സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകുന്നതിനായി വകുപ്പ് നടപ്പിലാക്കിവരുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിലെ പഠന മുറി പദ്ധതി

2775 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ എത്ര പഠന മുറികൾ നിർമ്മിച്ചു നല്കിയെന്ന് അറിയിക്കാമോ; വിശദാംശം ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ?

## വിദ്യാർത്ഥികൾക്കുള്ള സ്വർണ്ണ മെഡൽ പദ്ധതി

2776 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2014 മുതൽ സ്വർണ്ണ മെഡൽ നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) എത്ര ഗ്രാം സ്വർണത്തിന്റെ മെഡൽ ആണ് കുട്ടികൾക്ക് നൽകിയിരുന്നത്; സ്വർണ്ണ മെഡലിന്റെ തൂക്കം മുൻ സർക്കാർ വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഗ്രാം ആയാണ് കുറച്ചത്; ഏതു വർഷമാണ് ഇപ്രകാരം കുറവ് വരുത്തിയത്; പ്രസ്തുത വർഷം പ്ലസ് ടു വിദ്യാർഥികളെ മെഡൽ നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിരുന്നോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എത്ര എസ്.എസ്.എൽ.സി./പ്ലസ് ടു വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ സ്വർണ്ണ മെഡലുകൾ നൽകിയെന്ന വിശദാംശം ഇനം തിരിച്ചു വ്യക്തമാക്കുമോ;

(ഡി) 2019-20 അക്കാദമിക വർഷം മുതൽ മേൽപ്പറഞ്ഞ സ്വർണ്ണ മെഡൽ വിതരണം പൂർണമായും നിലച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

## ഇ-ഗ്രാന്റ് മാസംതോറും നൽകാൻ നടപടി

2777 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**

**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഇ-ഗ്രാന്റ് മാസംതോറും നൽകുന്നതിന് പകരം വർഷത്തിൽ ഒരുതവണ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മാസാമാസം പ്രസ്തുത സഹായം ലഭിക്കാത്തതുമൂലം നിരവധി കുട്ടികളുടെ പഠനം പ്രതിസന്ധിയിലായ സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) ഇ-ഗ്രാന്റ് മാസംതോറും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കുറിച്ചി, മാടപ്പള്ളി ഐ.ടി.ഐ.-കളുടെ നവീകരണം

2778 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കാലത്ത് പട്ടിക ജാതി വകുപ്പിന് കീഴിലുള്ള കുറിച്ചി, മാടപ്പള്ളി ഐ.ടി.ഐ.-കൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## ട്രൈബൽ പ്ലസ് പദ്ധതി

2779 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എത്ര തൊഴിൽദിനങ്ങളാണ് അധികമായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പ്രൊഫഷണൽ ഉദ്യോഗാർത്ഥികൾ

2780 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ എത്ര പ്രൊഫഷണൽ ഉദ്യോഗാർത്ഥികളാണ് ഉള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികളെ പ്രൊഫഷണൽ മേഖലകളിൽ തൊഴിലിന് എത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വകുപ്പ് മുഖേന ചെയ്തുവരുന്നത്; ഇതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പുതിയ എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ മേഖലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്; വിശദമാക്കാമോ?

## സർക്കാർ ജോലിയിൽ നിയമനം

2781 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിതിൻ, പനങ്ങാടൻ വീട്, പാലിശ്ശേരി പി.ഒ. എന്ന വ്യക്തിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം ചേർപ്പ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 931/22 പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ ജിതിന്റെ ഭാര്യ നീതു പി. ബാലന് സർക്കാർ ജോലിയിൽ നിയമനം നൽകുന്നതിനുള്ള ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി ശിപാർശ പ്രകാരം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നീതു പി. ബാലന് സർക്കാർ ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## സ്വയംതൊഴിൽ പദ്ധതി

2782 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് പട്ടികജാതി വൾനറബിൾ വിഭാഗത്തിൽപ്പെട്ടവർക്കായി സ്വയംതൊഴിൽ പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ബ്ലോക്കിൽ നിന്നും ഈ പദ്ധതിയിലേയ്ക്ക് എത്ര ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തതെന്നും അവർക്കുള്ള ധനസഹായ വിതരണം ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

## ഹോമിയോ ഡിസ്പെൻസറികളിൽ മെഡിക്കൽ ഓഫീസർമാരുടെ സ്ഥിരം തസ്തിക

2783 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ താൽക്കാലിക സേവന-വേതന വ്യവസ്ഥയിൽ മെഡിക്കൽ ഓഫീസർമാർ സേവനം അനുഷ്ഠിക്കുന്ന ഹോമിയോ ഡിസ്പെൻസറികളുടെ എണ്ണവും സ്ഥിതിചെയ്യുന്ന പ്രദേശങ്ങളും വകുപ്പ് തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഡിസ്പെൻസറികളിൽ മെഡിക്കൽ ഓഫീസർമാരുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഹോമിയോ ഡിസ്പെൻസറികളിലെ മെഡിക്കൽ ഓഫീസർ നിയമനം

2784 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോമിയോ ഡിസ്പെൻസറികളിലെ മെഡിക്കൽ ഓഫീസർ നിയമനം പി.എസ്.സി. വഴി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ഫണ്ട് വിനിയോഗത്തിലെ അഴിമതി

2785 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി, പട്ടികവർഗ്ഗ വികസന ഫണ്ട് വിനിയോഗത്തിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ അഴിമതി നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ പദ്ധതികളിൽ എന്തെല്ലാം അഴിമതി നടന്നതായാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ?

## തൊടുപുഴ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പദ്ധതികൾ

2786 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ തൊടുപുഴ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള എത്ര വികസന പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമാണ പുരോഗതി വ്യക്തമാക്കാമോ?

## ഏറനാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

2787 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഏറനാട് മണ്ഡലത്തിൽ അനുവദിച്ച പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പസ് ഫണ്ടുകളുടെ വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടുകൾ ഉപയോഗിച്ച് ചെയ്യുന്ന ഓരോ പ്രവൃത്തിയുടെയും പേരും അനുവദിച്ച തുകയും പുരോഗതിയും വിശദമാക്കാമോ?

## അരൂർ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

2788 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 2016 മുതൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പാണാവള്ളി പഞ്ചായത്തിലെ പൊറ്റേത്തറ നഗറിന്റെ നവീകരണത്തിനായി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കാട്ടാക്കട മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

2789 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ പട്ടികജാതി വികസന കോർപ്പസ് ഫണ്ട് വഴി 2022-23-ലും 2023-24-ലും അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; അനുമതി ലഭ്യമായ പ്രവൃത്തികളുടെ വിവരങ്ങളും അവയുടെ സ്ഥിതിയും ലഭ്യമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

2790 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ കോങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ?

## പാറത്തോട് കാരയ്ക്കൽ നഗറിൽ സാംസ്കാരിക നിലയം

2791 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കാരയ്ക്കൽ നഗറിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലത്ത് സാംസ്കാരിക നിലയം പണിയുന്നതിന് 52 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി ഡി.ഡി.ഒ.-കെ.ടി.എം.-183/2024 നമ്പറായി പട്ടികജാതി വികസന ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുള്ള പ്രവൃത്തിക്ക് ഭാരണാനുമതി നൽകുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ

2792 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിവിധ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കുറ്റ്യാടി മണ്ഡലത്തിലെ എസ്.സി. കോർപ്പസ് ഫണ്ട്

2793 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ അനുമതി ലഭ്യമായ തിരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ തുരുത്തി നഗറിലെ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ആദിവാസി മേഖലകളിലെ പൊതുമരാമത്ത് റോഡ് നിർമ്മാണം

2794 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സനീഷ്‌കുമാർ ജോസഫ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിലെ പി.ഡബ്ല്യു.ഡി. റോഡുകൾക്ക് എസ്.സി., എസ്.ടി. ഫണ്ട് വിനിയോഗിക്കുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ നിർമ്മിക്കാൻ പ്രസ്തുത വകുപ്പിന്റെ ഫണ്ട് വിനിയോഗിക്കണം എന്നിരിക്കെ ഇതിനായി എസ്.സി., എസ്.ടി. ഫണ്ട് വിനിയോഗിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ആദിവാസി മേഖലകളിലെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ പ്രസ്തുത വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചു തന്നെ നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കൊല്ലങ്കോട് കാർഷിക കോളേജ്

2795 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് കാർഷിക കോളേജ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് നടത്തിയ മീറ്റിങ്ങുകളും പ്രവർത്തനങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ ചികിത്സാ ധനസഹായം

2796 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് വകുപ്പ് മന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം സഹായം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഗുണഭോക്താക്കളുടെ വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഈ ഇനത്തിൽ മണലൂർ മണ്ഡലത്തിൽ ആകെ എത്ര തുകയാണ് വിതരണം ചെയ്തതെന്ന് അറിയിക്കാമോ?

## ദേശീയ പട്ടികജാതി കമ്മീഷന്റെ സന്ദർശനം

2797 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കാലത്ത് ദേശീയ പട്ടികജാതി കമ്മീഷൻ എത്ര പ്രാവശ്യം സംസ്ഥാനത്ത് ഔദ്യോഗിക സന്ദർശനം നടത്തിയെന്ന് വിശദമാക്കാമോ;

(ബി) കമ്മീഷന്റെ ഔദ്യോഗിക സന്ദർശന വിവരം പത്ര-ടെലിവിഷൻ-സാമൂഹ്യ മാധ്യമങ്ങൾ മുഖേന ജനങ്ങളെ അറിയിക്കാറുണ്ടോ; വ്യക്തമാക്കാമോ;

(സി) കമ്മീഷൻ സന്ദർശന വേളയിൽ നടത്തിയ മീറ്റിംഗുകളുടെ മിനിറ്റ്സിന്റെയും നടപടികളുടെയും ശിപാർശകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

## ജാതി നിർണയത്തിന് നടപടി

2798 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിൽ ഉൾപ്പെടെ സംസ്ഥാനത്തെ തെരുവോരങ്ങളിൽ താമസിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി അവരുടെ ജാതി നിർണയിച്ച് നൽകുന്നതിന് കിർത്താഡ്സിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പുസ്തക പ്രസിദ്ധീകരണത്തിന് ധനസഹായം

2799 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാർക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

## ആഭ്യന്തര വിജിലൻസ് വിഭാഗം റിപ്പോർട്ടുകൾ

2800 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് പട്ടികജാതി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം സമർപ്പിച്ച റിപ്പോർട്ടുകളിൽ ഏതൊക്കെ റിപ്പോർട്ടുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളത്; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## സാവിത്രിഭായ് ഫുലെ മെമ്മോറിയൽ ആശ്രമം സ്കൂൾ അപ്ഗ്രഡേഷൻ

2801 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ മണ്ഡലത്തിലെ കുണ്ടംകുഴിയിൽ സ്ഥിതി ചെയ്യുന്ന സാവിത്രിഭായ് ഫുലെ മെമ്മോറിയൽ ആശ്രമം സ്കൂളിന് യു.പി/ഹൈസ്കൂൾ അപ്ഗ്രഡേഷൻ ലഭിക്കുന്നതിന് വകുപ്പ് മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് വിദ്യാഭ്യാസ വകുപ്പിന് പ്രോപ്പോസൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## മലപ്പുറം മണ്ഡലത്തിലെ വികസന, ക്ഷേമ പദ്ധതികൾ

2802 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ,

പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് മലപ്പുറം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ വികസന പദ്ധതികളും പിന്നാക്ക വർഗ്ഗ ക്ഷേമ പദ്ധതികളും വിശദീകരിക്കാമോ;

(ബി) 2021 -22 മുതൽ 2024–25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക എത്ര;വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിലൂടെ പ്രയോജനം ലഭിച്ചവരുടെ കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികൾ എന്തൊക്കെയാണെന്നും പട്ടികജാതി വികസന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച പ്രത്യേക നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## <u>കാപ്പിമല എൻ-ഊര് പൈതൃക ഗ്രാമം പദ്ധതി</u>

2803 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ആലക്കോട് പഞ്ചായത്തിൽ വെള്ളാട് വില്ലേജിലെ കാപ്പിമലയിൽ പട്ടിക വർഗ്ഗ വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എൻ-ഊര് പൈതൃക ഗ്രാമം പദ്ധതി നടപ്പിലാക്കാൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവോ; പ്രസ്തുത അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

## <u>പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിതരണം</u>

2804 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിൽ അവർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പട്ടികവർഗ്ഗ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പട്ടികവർഗ്ഗക്കാരുടെ അജ്ഞതയും ദാരിദ്ര്യവും മുതലെടുത്ത് ഭക്ഷ്യധാന്യ വിതരണത്തിൽ കബളിപ്പിക്കപ്പെടുന്നത് അവസാനിപ്പിക്കുന്നതിന് വേണ്ടി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## <u>തരൂർ കാവശ്ശേരി കല്ലേപുള്ളി മോഡേൺ റൈസ്മിൽ</u>

2805 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള കാവശ്ശേരി കല്ലേപുള്ളി കെൽപാം മോഡേൺ റൈസ്മിൽ പദ്ധതിയുടെ പ്രവൃത്തി പുരോഗതി

നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**ഏക വരുമാനദായകന്റെ മരണത്തിൽ സമാശ്വാസധനം**

2806 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ ഏക വരുമാനദായകൻ മരണപ്പെടുമ്പോൾ ഈ കുടുംബങ്ങൾക്ക് സമാശ്വാസമായി എത്ര രൂപയാണ് നൽകിവരുന്നത്; ഇതിനായി അപേക്ഷ സമർപ്പിക്കേണ്ട രീതിയും ഇതോടൊപ്പം സമർപ്പിക്കേണ്ട രേഖകളും സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) നിലവിലെ സർക്കാരിന്റെ കാലത്ത് ഉടുമ്പൻചോല മണ്ഡലത്തിൽ നിന്ന് പ്രസ്തുത ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകാമോ;

(സി) പ്രസ്തുത ധനസഹായത്തിന് അർഹതപ്പെട്ട കുടുംബങ്ങൾ ധാരാളം ഉണ്ടെങ്കിലും അപേക്ഷകൾ ലഭിക്കുന്നത് കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അർഹതയുള്ള കുടുംബങ്ങൾ എല്ലാം അപേക്ഷ സമർപ്പിക്കുന്നുവെന്നും ഇവർക്ക് ധനസഹായം ലഭിക്കുന്നുവെന്നും ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

**പാരമ്പര്യ ഭക്ഷണത്തിന് വിപണി**

2807 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യ ഭക്ഷണ രീതികളും ഭക്ഷണ സാധനങ്ങളും പൊതു സമൂഹത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നതിനും അവയ്ക്ക് വിപണി ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായം**

2808 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ ധനസഹായം എന്നിവക്ക് വേണ്ടി അപേക്ഷിച്ച എത്ര അപേക്ഷകൾ ഓരോ ജില്ലയിലും തീർപ്പ്കൽപ്പിക്കാനുണ്ടെന്ന് വിശദമാക്കുമോ; ഈ അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനായി എത്ര രൂപ ഓരോ ജില്ലക്കും ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ധനസഹായങ്ങൾ ബ്ലോക്ക് പഞ്ചായത്തുകളുടെ പട്ടികജാതി പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ 2025-26 വർഷം മുതൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുമോ?

## ആറളം ആദിവാസി പുനരധിവാസമേഖലയിലുള്ളവർക്ക് സംരക്ഷണം

2809 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം അദിവാസി പുനരധിവാസ മേഖലയിലെ താമസക്കാരായ വെള്ളി, ലീല ദമ്പതികൾ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെടാനുണ്ടായ സാഹചര്യത്തെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആദിവാസ പുനരധിവാസമേഖലയിലുള്ളവർക്ക് മതിയായ സംരക്ഷണം ഏർപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ;

(സി) മരിച്ചവരുടെ ബന്ധുക്കൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ആദിവാസി മേഖലകളിൽ താമസിക്കുന്നവർക്ക് സുരക്ഷിതത്വം ഒരുക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## മട്ടന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

2810 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021, 2021-26 സർക്കാരുകളുടെ കാലത്ത് മട്ടന്നൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി ഉന്നതികൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ; അവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) കോളയാട്-ആറളം മേഖലകൾ കേന്ദ്രീകരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ തനത് കലാരൂപങ്ങളും പൈതൃകവും സംരക്ഷിക്കുന്നതിന് ഇവർക്ക് തന്നെ വരുമാനയോഗ്യമാകും വിധം വയനാട് എൻ ഊര് മാതൃകയിൽ ഒരു ടൂറിസം സ്പോട്ട് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാമോ?

## ഹോം പദ്ധതി

2811 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾക്കായി ഹോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ?

## നവജാത ശിശുക്കളുടെയും അമ്മമാരുടെയും ആരോഗ്യ സംരക്ഷണം

2812 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ നവജാത ശിശുക്കളുടെയും അവരുടെ അമ്മമാരുടെയും ആരോഗ്യ സംരക്ഷണത്തിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**<u>പദ്ധതികളുടെ മുൻഗണനാക്രമം</u>**

2813 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നടപ്പാക്കുന്ന 2024-25 വർഷത്തെ പദ്ധതികളിൽ മുൻഗണനാക്രമം നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പിന്റെ ചെലവ്</u>**

2814 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 -25 സാമ്പത്തിക വർഷത്തിൽ പട്ടികജാതി -പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പിന് വകയിരുത്തിയ ആകെ തുക എത്രയാണെന്നും അതിൽ ഇതുവരെ ചെലവാക്കിയ തുക എത്രയാണെന്നുമറിയിക്കാമോ;

(ബി) പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പിന് വിവിധ പ്രവൃത്തികൾക്കായി 2024-25 ൽ വകയിരുത്തിയ തുകയെത്രയാണെന്നും അതിൽ ചെലവഴിച്ച തുക എത്രയാണെന്നുമുള്ള വിവരം പ്രവൃത്തികൾ തിരിച്ച് അറിയിക്കാമോ;

(സി) 2024-25 ൽ പട്ടികജാതി -പട്ടിക വർഗ്ഗ പിന്നാക്കക്ഷേമ വകുപ്പിന് വകയിരുത്തിയ തുക പൂർണ്ണമായും ഈ സാമ്പത്തിക വർഷം ചെലവഴിക്കുമോയെന്ന് അറിയിക്കാമോ?

**<u>ഏകവരുമാനദായകന്റെ മരണത്തിനുള്ള ധനസഹായം</u>**

2815 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകവരുമാനദായകന്റെ മരണത്തിനുള്ള ധനസഹായ പദ്ധതിയിൽ ആനുകൂല്യം അനുവദിച്ച് ഉത്തരവായ എത്ര ഗുണഭോക്താക്കൾക്ക് തുക അനുവദിക്കാൻ കുടിശിക ഉണ്ടെന്ന് വ്യക്തമാക്കാമോ?

**<u>വിവാഹ ധനസഹായം ഉയർത്താൻ നടപടി</u>**

2816 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനായി നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന്

വ്യക്തമാക്കുമോ;

(ബി) നിലവിൽ എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പെൺകുട്ടികൾക്ക് സഹായങ്ങൾ നൽകി വരുന്നത് എന്ന് അറിയിക്കുമോ; നിലവിൽ സഹായധനം ലഭിക്കാനുള്ള വാർഷിക വരുമാന പരിധി എത്രയാണ് എന്നും ഈ വരുമാന പരിധി ഒഴിവാക്കുമോ എന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ നൽകിവരുന്ന സഹായധനം എത്രയാണ്; ഇത് കുറഞ്ഞത് മൂന്ന് ലക്ഷം രൂപയാക്കി ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ

2817 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ച് വരുന്നത്?

## പയ്യന്നൂർ മണ്ഡലത്തിലെ പദ്ധതി പുരോഗതി

2818 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക സമുദായക്ഷേമ വകുപ്പിന് കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിന്റെ തുക, നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ?

## പദ്ധതികൾക്ക് മുൻഗണനാക്രമം

2819 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ തുക, പ്രസ്തുത പദ്ധതികൾക്കുള്ള തുക വെട്ടിക്കുറച്ചിട്ടുണ്ടെങ്കിൽ ഇപ്രകാരം പുന:ക്രമീകരിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾക്ക് മുൻഗണനാക്രമം നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

## മങ്കട മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

2820 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുമായി ബന്ധപ്പെട്ട് മങ്കട മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന വികസന

പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഓരോന്നിന്റെയും നിലവിലത്തെ സ്ഥിതിയും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിലും എത്ര ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികൾ ഓരോന്നിലും ആകെ എത്ര രൂപയുടെ സഹായം ഈ മണ്ഡലത്തിലെ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(സി) 2025-26 വർഷം എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാൻ വകുപ്പ് ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## <u>ചികിത്സാ ധനസഹായം</u>

2821 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി എത്ര കോടി രൂപയുടെ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ചും വികസന ബ്ലോക്ക് തിരിച്ചും ലഭ്യമാക്കാമോ?

## <u>കായംകുളം മണ്ഡലത്തിലെ പട്ടികജാതി ക്ഷേമ പദ്ധതികൾ</u>

2822 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പട്ടികജാതി ക്ഷേമ വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ, അനുവദിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ധന്വന്തരി സെന്ററുകൾ</u>

2823 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. എ. രാജ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലും ആശുപത്രി സേവനങ്ങളും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ധന്വന്തരി സെന്ററുകളുടെ പ്രവർത്തനം വിശദമാക്കാമോ;

(ബി) ധന്വന്തരി സെന്ററുകൾ ശക്തിപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ധന്വന്തരി മാതൃക എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) സാന്ത്വന പരിചരണ രംഗത്ത് കൂടി ധന്വന്തരി സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

## ട്രൈബൽ പ്ലസ് പദ്ധതി

2824 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ പ്ലസ് പദ്ധതിയുടെ പ്രവർത്തനം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ചെലവഴിക്കപ്പെടുന്ന തുക കാര്യക്ഷമമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായം

2825 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം നൽകുന്നതിനായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയിരുന്ന തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ സാമ്പത്തിക വർഷവും ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(സി) ഓരോ സാമ്പത്തിക വർഷവും എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട്; ഫണ്ടിന്റെ അപര്യാപ്തത മൂലം സഹായം വിതരണം ചെയ്യാതിരുന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; നിലവിൽ എത്ര അപേക്ഷകർക്ക് ആനുകൂല്യം നൽകാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## കുട്ടികൾക്ക് പോഷകാഹാര പദ്ധതി

2826 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ നഗറുകളിലെ കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലെ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷവും എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

## പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവന പദ്ധതി

2827 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എത്ര കുടുംബങ്ങൾക്ക് ഭവന പദ്ധതി പ്രകാരം വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈയിനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## ഇ-ഗവേണൻസ് പ്രവർത്തനങ്ങളുടെ ചെലവ്

2828 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ നവീകരണത്തിനും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കുമായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്ന തുകയെത്ര; ഇതിൽ എത്ര ചെലവഴിച്ചു; വിശദമാക്കുമോ;

(ബി) ഇതുപയോഗിച്ച് ചെയ്ത പ്രവൃത്തികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ബജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## പുതുപ്പള്ളി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

2829 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് പുതുപ്പള്ളി മണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ ഏതൊക്കെ; വിശദമാക്കുമോ;

(ബി) നിലവിലെ സർക്കാരിന്റെ കാലയളവിൽ പുതുപ്പള്ളി മണ്ഡലത്തിൽ വകുപ്പ് പൂർത്തിയാക്കിയ വികസന പ്രവർത്തനങ്ങൾ ഏതൊക്കെ; വിശദമാക്കുമോ;

(സി) 2025-26 സാമ്പത്തിക വർഷത്തിൽ പുതുപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതും ബജറ്റിൽ തുക വകയിരുത്തിയിരിക്കുന്നതുമായ ഏതൊക്കെ പ്രവൃത്തികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

## സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ പരിരക്ഷാ പദ്ധതി

2830 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ പരിരക്ഷാ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പേർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏക വരുമാനദായകന്റെ മരണത്താൽ കഷ്ടതയനുഭവിക്കുന്ന എത്ര കുടുംബങ്ങൾക്ക് 2022-2024 കാലയളവിൽ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യം ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ക്ഷേമപദ്ധതികൾ

2831 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളും അവയുടെ മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പിന്നാക്ക വികസന വകുപ്പിൽ എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

## ഇ-ഗ്രാന്റ് കുടിശ്ശിക

2832 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ഇ-ഗ്രാന്റ് സ്കോളർഷിപ്പ് കുടിശ്ശിക ഉണ്ടെങ്കിൽ ആയതിന്റെ വിവരം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഇ-ഗ്രാന്റ് സ്കോളർഷിപ്പ് മാനുവലായി വിതരണം ചെയ്യുന്നതിന് ഫണ്ട് ലഭ്യമല്ലാത്തതിനാൽ അവ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ല ഓഫീസർമാരോ ഗ്രാന്റ് ലഭിക്കാൻ യോഗ്യത ഉള്ളവരോ നൽകിയ എത്ര നിവേദ ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അവയുടെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വിഹിതത്തിലെ കുറവ്

2833 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ ക്ഷേമ പദ്ധതികൾക്ക് നടപ്പു വർഷത്തെ ബജറ്റിൽ അനുവദിച്ചിരുന്ന തുക എത്രയാണെന്നും സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ ഇത് എത്രയായി വെട്ടിക്കുറച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക 80 ശതമാനത്തിൽ അധികം വെട്ടിക്കുറയ്ക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

## ഇ-ഗ്രാന്റ് സ്കോളർഷിപ്പ്

2834 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഗ്രാന്റ് സ്കോളർഷിപ്പിന് അപേക്ഷ നൽകാൻ ഒ.ബി.സി. വിഭാഗത്തിലെ മുഴുവൻ സമുദായത്തിനും സാധിക്കുമോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഏതെല്ലാം വിഭാഗത്തിനാണ് അപേക്ഷിക്കാൻ അവസരമുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-ഗ്രാന്റ് സ്കോളർഷിപ്പ് സംബന്ധിച്ച സർക്കുലർ പ്രകാരം ഒ.ബി.സി. ഉൾപ്പെടെയുള്ളവർക്ക് അപേക്ഷിക്കാം എന്നിരിക്കെ ഒ.ബി.സി. യിൽ മുസ്ലിം, ക്രിസ്ത്യൻ കുട്ടികൾ ഉൾപ്പെടില്ലെന്ന ജില്ലാ ഓഫീസുകളിൽ നിന്നുള്ള വിശദീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ചില വിഭാഗങ്ങൾക്ക് അപേക്ഷിക്കാൻ സാധിക്കാത്തതിന്, നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷ ക്ഷണിക്കും എന്നുള്ള കാരണം പറഞ്ഞുവെങ്കിലും കഴിഞ്ഞ വർഷം പ്രസ്തുത പോർട്ടലിൽ അങ്ങനെ ഒരു അപേക്ഷ ക്ഷണിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>വനസംരക്ഷണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക</u>**

2835 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവൽക്കരണത്തിനും വനസംരക്ഷണത്തിനുമായി കേന്ദ്ര സർക്കാരിൽ നിന്ന് 2022-23, 2023-24 വർഷങ്ങളിൽ ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക പൂർണ്ണമായും ചെലവാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ തുകയിൽ നാളിതുവരെ ചെലവഴിച്ചതെത്രയെന്നും ഇതുവഴി വനവിസ്തൃതിയിൽ വർദ്ധനവ് വരുത്താൻ കഴിഞ്ഞിട്ടുണ്ടോയെന്നും അറിയിക്കാമോ;

(ഡി) വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ രൂപീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്?

**<u>വികസന പ്രവർത്തനങ്ങളുടെ ഭാഗമായി മരം മുറിച്ചു മാറ്റുന്നത്</u>**

2836 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങളുടെ ഭാഗമായി മരം മുറിച്ച് മാറ്റുന്നതിന് നിലവിലുള്ള കാലതാമസം പരിഹരിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>നാട്ടാനകളുടെ കണക്ക്</u>**

2837 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര നാട്ടാനകൾ ഉണ്ട്; പ്രസ്തുത കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) നാട്ടാനകളുടെ പരിപാലനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാട്ടാനകളുടെ ആക്രമണത്തിൽ എത്രആളുകളുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) ഇത്തരത്തിൽ നാട്ടാനകളുടെ ആക്രമണം മൂലം ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്ക് വനം വകുപ്പ് എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>തേക്ക് തടി ലേലത്തിന്റെ വിശദാംശങ്ങൾ</u>**

2838 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ നിലവിൽ വന്ന സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനംവകുപ്പിന്റെ വിവിധ ഡിപ്പോകളിൽ ലേലം ചെയ്ത തേക്കിന്റെ അളവ്, ഇനം, വിലയായി ലഭിച്ച തുക, നികുതി ഇനത്തിൽ ഈടാക്കിയ തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>സ്വാഭാവിക വനങ്ങളുടെ സർവ്വേ</u>**

2839 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനും സർവ്വേ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വേയിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) വനസംരക്ഷണത്തിനും പ്രത്യേക ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിനും കഞ്ചാവ് കൃഷി തടയുന്നതിനും ചന്ദന പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>സുസ്ഥിര വനപരിപാലനത്തിനായുള്ള പദ്ധതികൾ</u>**

2840 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനനശീകരണം തടയുന്നതിനും സുസ്ഥിര വനപരിപാലന പദ്ധതികൾ വികസിപ്പിക്കുന്നതിനും വനവത്ക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വനനശീകരണവും ഭൗമ ശോഷണവും ആവാസവ്യവസ്ഥയുടെ സേവനങ്ങളെ ഗുരുതരമായി ബാധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കാർഷിക വനവത്ക്കരണം വിപുലീകരിക്കുന്നതിനും ശോഷണം സംഭവിച്ച ഭൂമി പുനഃസ്ഥാപിക്കുന്നതിനും വനങ്ങളുടെ സുസ്ഥിരമായ ഉപയോഗവും ഹരിത മൂല്യ ശൃംഖലയുടെ വികസനവും പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**<u>അക്കേഷ്യമരങ്ങൾ വനങ്ങളിൽ ഉണ്ടാക്കിയ പാരിസ്ഥിക വെല്ലുവിളി</u>**

2841 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൺപതുകളിൽ ലോകബാങ്ക് സഹായത്തോടെ വളർത്തിയ അക്കേഷ്യമരങ്ങൾ വനങ്ങളിൽ വൻ പാരിസ്ഥിതിക വെല്ലുവിളിയാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കേഷ്യയും മഞ്ഞക്കൊന്നയും ആവാസവ്യവസ്ഥയിൽ നിന്നും നീക്കം ചെയ്യാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

## വനമേഖലയിൽ ഔഷധസസ്യ കൃഷി

2842 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ ഔഷധസസ്യ കൃഷി വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഈ പദ്ധതി എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വീട്ടുവളപ്പിൽ നട്ട് വളർത്തുന്ന തേക്ക്, ഈട്ടി തുടങ്ങിയ മരങ്ങൾ മുറിയ്ക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) വനസംരക്ഷണവുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന തുക വിനിയോഗിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

## പാലോട് റെയിഞ്ചിലെ ജണ്ട നിർമ്മാണ അഴിമതി

2843 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ 2019, 2020, 2021 വർഷങ്ങളിൽ നടന്ന ജണ്ട നിർമ്മാണത്തിലെ അഴിമതിയിന്മേലുള്ള പരാതിയിന്മേൽ മൂന്ന വർഷം മുൻപ് അന്വേഷണം ആരംഭിച്ചുവെങ്കിലും നാളിതുവരെ പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ജണ്ട നിർമാണ ക്രമക്കേട് കാരണം എത്ര കോടി രൂപയുടെ എത്ര ഹെക്ടർ വനഭൂമി സർക്കാരിന് നഷ്ടമായി എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(സി) അഞ്ചു ലക്ഷം രൂപ മാത്രം സർക്കാരിന് നഷ്ടം ഉണ്ടാക്കിയ കാപ്രിക്കാട് മാൻ തീറ്റ കേസ് കേരള പോലീസ് വിജിലൻസ് അന്വേഷണത്തിന് നൽകിയ സാഹചര്യത്തിൽ കോടിക്കണക്കിനു രൂപയുടെ വനഭൂമി നഷ്ടപ്പെടാൻ കാരണമായ ജണ്ട അഴിമതി കേസ് വിജിലൻസിന് വിശദാന്വേഷണത്തിന് നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

## ജണ്ട നിർമ്മാണ അഴിമതി

2844 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ 2019, 2020, 2021 വർഷങ്ങളിൽ നടന്ന ജണ്ട നിർമ്മാണ അഴിമതി പരാതിയിന്മേൽ മൂന്ന് വർഷം മുൻപ് അന്വേഷണം ആരംഭിച്ചിട്ടും നാളിതുവരെ അന്വേഷണ റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിക്കാത്തതിന്റ കാരണം വ്യക്തമാക്കാമോ;

(ബി) ജണ്ട നിർമാണ ക്രമക്കേട് കാരണം സർക്കാരിന് എത്ര ഹെക്ടർ വനഭൂമി നഷ്ടമായെന്നും അതിന്റെ മൂല്യം എത്ര കോടി രൂപയാണെന്നും വിശദമാക്കാമോ;

(സി) അഞ്ചു ലക്ഷം രൂപ മാത്രം സർക്കാരിന് നഷ്ടം ഉണ്ടായ കാപ്രിക്കാട് മാൻ തീറ്റ കേസ് കേരള പോലീസ് വിജിലൻസ് വിഭാഗത്തിന് അന്വേഷണത്തിന് നൽകിയ സാഹചര്യത്തിൽ കോടിക്കണക്കിനു രൂപ സർക്കാരിന് നഷ്ടം ഉണ്ടാക്കിയ ജണ്ട അഴിമതി കേസും അതിലൂടെ കോടിക്കണക്കിനു രൂപയുടെ വനഭൂമി നഷ്ടപ്പെട്ട വിഷയവും പോലീസ് വിജിലൻസ് വിഭാഗത്തിന് വിശദാന്വേഷണത്തിന് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## <u>പാലോട് റെയിഞ്ചിൽ ജണ്ട നിർമ്മാണം നടത്തിയതിലെ അഴിമതി</u>

2845 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ ജണ്ട നിർമ്മാണം നടത്തിയതിലെ അഴിമതി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സി.എം.ഒ. പോർട്ടലിൽ ലഭിച്ച പരാതിയുടെ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ലഭിച്ചിട്ടില്ലെങ്കിൽ പരാതി സമർപ്പിച്ച ആറുമാസം കഴിഞ്ഞിട്ടും അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാത്തതിനുള്ള കാരണം വെളിപ്പെടുത്താമോ;

(ബി) മേൽ പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് എന്നാണ് കോട്ടയത്തെ വിജിലൻസ് കൺസർവേറ്ററുടെ ഓഫീസിൽ ലഭിച്ചതെന്നും മേൽ ഓഫീസിലേക്ക് സമർപ്പിച്ച തീയതിയും വെളിപ്പെടുത്താമോ; ടി കാലയളവിൽ കൺസർവേറ്ററുടെ ഓഫീസിൽ ടി റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പരാതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ മനഃപൂർവം കാലതാമസം വരുത്തിയെന്ന ആക്ഷേപത്തെ കുറിച്ചു സ്വതന്ത്രമായി ഒരന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദമാക്കുമോ?

## <u>ജണ്ട നിർമ്മാണം നടത്തിയതിലെ അഴിമതി</u>

2846 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ 2019, 2020 & 2021 വർഷങ്ങളിൽ ജണ്ട നിർമ്മാണം നടത്തിയതിലെ അഴിമതിയുമായി ബന്ധപ്പെട്ട അന്വേഷണം 21.12.2021 മുതൽ ആരംഭിച്ച് 06.06.2022ൽ പൂർത്തീകരിച്ച് കോട്ടയം വിജിലൻസ് കൺസർവേറ്റർ മേലധികാരിക്ക് രണ്ടര വർഷം മുമ്പ് റിപ്പോർട്ട് സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വനം വിജിലൻസിന്റെ പ്രസ്തുത അന്വേഷണ റിപ്പോർട്ട് വീണ്ടും അന്വേഷിക്കുന്നതിനായി 15.03.2023-ൽ ജണ്ട നിർമ്മാണത്തിലെ അഴിമതി അന്വേഷണം നടത്തിയ അതേ വിഭാഗത്തിനു തന്നെ വീണ്ടും നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം പരാതിയായി ആറു മാസം മുൻപ് സി.എം.ഒ. പോർട്ടലിൽ നൽകിയിട്ടും നാളിതുവരെ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പാലോട് റേഞ്ചിലെ ജണ്ട നിർമ്മാണത്തിലെ അപാകതകളുമായി ബന്ധപ്പെട്ട പരാതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ മനഃപൂർവം കാലതാമസം വരുത്തുന്നതിനെ കുറിച്ച് സ്വതന്ത്രമായൊരന്വേഷണം നടത്താൻ തയാറാകുമോ; വ്യക്തമാക്കുമോ?

## <u>പന്തപ്ര ആദിവാസി നഗറിലെ പുനരധിവാസം</u>

2847 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തപ്ര ആദിവാസി നഗറിലെ ആദിവാസികൾക്ക് നൽകിയിട്ടുള്ള ഭൂമിയിലെ തേക്ക് ഉൾപ്പടെയുള്ള മരങ്ങൾ മുറിച്ചുമാറ്റി ഭൂമി കൃഷിയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത നടപടികൾ വേഗത്തിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>കാസറഗോഡ് ജില്ലയിലെ വനവൽക്കരണം</u>

2848 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ ദേലംപാടി, കാറഡുക്ക, മുളിയാർ തുടങ്ങിയ പഞ്ചായത്തുകളിൽ പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായ അക്കേഷ്യ, മാഞ്ചിയം പോലുള്ള വൃക്ഷങ്ങൾ വെട്ടിമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ അധിനിവേശ സസ്യങ്ങളും ദോഷകരമായ വൃക്ഷങ്ങളും വെട്ടിമാറ്റി സ്വാഭാവിക വനവൽക്കരണത്തിനായി കാസറഗോഡ് ജില്ലയിൽ എന്തൊക്കെ പ്രവൃത്തികളാണ് നടന്നിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>യു.എസ്. സഹായത്തോടെയുള്ള വനം വകുപ്പ് പദ്ധതികൾ</u>

2849 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യു.എസ്. സഹായത്തോടെ വനം വകുപ്പ് ഏതെങ്കിലും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതിയാണെന്നും എത്ര കോടി രൂപയുടെ പദ്ധതിയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) വിവിധ രാജ്യങ്ങളിലെ പ്രത്യേക പദ്ധതികൾക്കുള്ള യു.എസ്. ധനസഹായം നിർത്തലാക്കുമെന്ന തീരുമാനം മേൽപ്പറഞ്ഞ പദ്ധതിയെ ബാധിക്കുമോയെന്ന് വിശദമാക്കാമോ; ഈ പ്രതിസന്ധി ഏതുരീതിയിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## വനവാസികളായ ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ

2850 **ശ്രീ ഡി കെ മുരളി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവാസികളായ ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയെന്നറിയിക്കുമോ; വിശദമാക്കുമോ;

(ബി) വനവിഭവങ്ങൾ ശേഖരിക്കുന്നവർക്ക് അവരുടെ ഉപജീവനത്തിന്റെ ഭാഗമായ വനവിഭവശേഖരണത്തിനും മൂല്യവർദ്ധനയ്ക്കുള്ള പരിശ്രമത്തിനും അവർക്ക് ന്യായമായ വരുമാനം ഉറപ്പുവരുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ നടപ്പിലാക്കിയ ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി കൊണ്ട് എന്താണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ?

## മച്ചാട്-വടക്കാഞ്ചേരി റേഞ്ച് ഫോറസ്റ്റ് ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന് നടപടി

2851 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മച്ചാട്-വടക്കാഞ്ചേരി റേഞ്ച് ഫോറസ്റ്റ് ഓഫീസ് കെട്ടിടങ്ങൾ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വടക്കാഞ്ചേരി ഫോറസ്റ്റ് ക്വാർട്ടേഴ്സുകളും വാഴാനി ഫോറസ്റ്റ് സ്റ്റേഷനും പുനർനിർമ്മിക്കുന്നതിനാവശ്യമായ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ വനപാതകൾ

2852 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ വനമേഖലയിൽക്കൂടി കടന്നുപോകുന്ന റോഡുകളുടെ പേരും അവയുടെ നീളം, വീതി എന്നിവയും അറിയിക്കാമോ;

(ബി) മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന വനപാതകൾ ഗതാഗതയോഗ്യമാക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് വനം വകുപ്പ് മുഖേന എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അതിനായി ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ വനപാതകൾ ഗതാഗതയോഗ്യമാക്കുന്നതിന് അപേക്ഷിച്ചിട്ടും വനം വകുപ്പിന്റെ എൻ.ഒ.സി. നൽകാത്ത എത്ര അപേക്ഷകളുണ്ടെന്നും എന്തുകൊണ്ടാണ്

കാലതാമസം ഉണ്ടാകുന്നതെന്നുമുള്ള വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് നൽകാമോ?

**<u>പീരുമേട്-തോട്ടാപ്പുര-നാൽപ്പത്തിനാലാം മൈൽ റോഡ്</u>**

2853 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്-തോട്ടാപ്പുര-നാൽപ്പത്തിനാലാം മൈൽ റോഡ് എന്നുമുതലാണ് വനം വകുപ്പ് അടച്ചുപൂട്ടിയത്; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് തുറന്നുകൊടുക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ഗോത്രവർഗ്ഗ കമ്മീഷൻ നോട്ടീസ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത റോഡ് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>അരുവിക്കര മണ്ഡലത്തിലെ വനം വകുപ്പിന് കീഴിലുള്ള റോഡുകൾ</u>**

2854 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ വനം വകുപ്പിന് കീഴിൽ വരുന്ന റോഡുകളുടെ പേര്, അവയുടെ നീളം എന്നിവ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ?

**<u>ഇക്കോ ടൂറിസത്തിന്റെ വികസനം</u>**

2855 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇക്കോ ടൂറിസത്തിന്റെ വികസനത്തിനായി എന്തൊക്കെ നടപടികൾ വനംവകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഭാവിയിൽ ഇക്കോ ടൂറിസത്തിന്റെ സാധ്യതകൾ വിശദമാക്കാമോ?

**<u>കക്കയം വിനോദ സഞ്ചാര കേന്ദ്രം</u>**

2856 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ അധീനതയിലുള്ള കക്കയം വിനോദ സഞ്ചാര കേന്ദ്രം നവീകരിക്കുന്നതിന് പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉരക്കുഴി വെള്ളച്ചാട്ടത്തിനോട് ചേർന്നുള്ള തൂക്കുപാലം അപകടാവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തൂക്കുപാലം പുതുക്കി പണിയാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>വനംവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക നിയമനം</u>**

2857 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ ഈസ്റ്റേൺ സർക്കിളിന് കീഴിലുള്ള നെന്മാറ പാലക്കാട് ഡിവിഷനുകളിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഈ തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നടത്തുന്നതിന് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക വിജ്ഞാപനമോ എഴുത്ത് പരീക്ഷയോ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ക്രമവിരുദ്ധമായി താൽക്കാലിക നിയമനം നടത്തുവാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) മേല്പറഞ്ഞ താൽക്കാലിക നിയമനങ്ങൾ നടത്തേണ്ടത് സെക്രട്ടറിതല ഉദ്യോഗസ്ഥർ ആണെന്നിരിക്കെ ഡി.എഫ്.ഒ തലത്തിൽ നിയമനം നടത്തിയതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; ആദിവാസി വിഭാഗങ്ങളുടെയും വനാശ്രിത വിഭാഗങ്ങളുടെയും ഉന്നമനത്തിനായി സർക്കാർ തലത്തിലുള്ള കാലതാമസം ഒഴിവാക്കി നേരിട്ട് വിനിയോഗിക്കുവാൻ ചുമതലപ്പെടുത്തിയ എഫ്.ഡി.എ. ഫണ്ട് ദുരുപയോഗം ചെയ്താണ് ഇവർക്ക് വേതനം നൽകുന്നതെന്നും കരാർ നിയമനങ്ങൾക്ക് നൽകാവുന്ന അംഗീകൃത വേതനത്തേക്കാൾ ഉയർന്ന നിരക്കിൽ മേൽപ്പറഞ്ഞ രണ്ട് ഡിവിഷനുകളിൽ നിന്നായി വലിയ തുക പ്രതിമാസ വേതനമായി ഇവർക്ക് അനുവദിച്ചു നൽകുന്നതും ഗൗരവത്തോടെ കാണുന്നുണ്ടോ; ഇവരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കുമോ; ഇവർ അനധികൃതമായി കൈപ്പറ്റിയ തുക തിരികെ പിടിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) നിയന്ത്രണങ്ങൾ ബാധകമല്ലാത്ത ഇത്തരം ഉദ്യോഗസ്ഥർക്ക് കെ.ജി.എൽ.ഒ റൂൾസ് ഉൾപ്പെടെയുള്ള വനഭൂമി സംബന്ധിച്ച സുപ്രധാന രേഖകൾ കൈകാര്യം ചെയ്യുന്നതിന് അവസരം നൽകിയിരിക്കുന്നത് സംസ്ഥാനത്തിന്റെ പൊതു താൽപര്യത്തെ ഹനിക്കുന്ന രീതിയിൽ വിവരചോർച്ച ഉണ്ടാകുന്നതിന് കാരണമാകുമെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ വ്യക്തമാക്കുമോ;

(ഇ) ചട്ടവിരുദ്ധവും സംസ്ഥാനത്തിന്റെ പൊതു താൽപര്യത്തെ ഹനിക്കുന്നതുമായ മേൽപ്പറഞ്ഞ താൽക്കാലിക നിയമനം അടിയന്തരമായി റദ്ദാക്കി വനം വകുപ്പിന് കീഴിൽ വരുന്ന മുഴുവൻ ലീഗൽ അസിസ്റ്റന്റ് തസ്തികകളിലും നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും സ്ഥിര നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വനം വകുപ്പ് വാങ്ങിയ വാഹനങ്ങൾ

2858 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനം വകുപ്പ് വാങ്ങിയിട്ടുള്ള വാഹനങ്ങളുടെ വിശദാംശം മോഡൽ തിരിച്ച് വാഹനങ്ങളുടെ എണ്ണം, ഓരോ മോഡൽ വാഹനത്തിനും ആകെ ചെലവഴിച്ച തുക, വാഹനങ്ങൾ വാങ്ങുന്നതിനായി ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങൾ ഓരോന്നും ഏതൊക്കെ ആവശ്യത്തിലേക്കാണ് നൽകിയതെന്ന് വ്യക്തമാക്കുമോ; ഇവയിൽ ഏതൊക്കെ വാഹനങ്ങൾ എത്രയെണ്ണം വീതം റാപ്പിഡ് റെസ്പോൺസ് ടീമുകൾക്ക് നൽകിയിട്ടുണ്ട് എന്നറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>**വനം വകുപ്പിന്റെ ചെക് പോസ്റ്റ്**</u>

2859 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകളെ കടത്തൽ അടക്കമുള്ള വനകുറ്റങ്ങൾ തടയുന്നതിലേക്കായി അന്തർ സംസ്ഥാന അതിർത്തിയായ പാറശ്ശാലയിൽ പ്രവർത്തിച്ചിരുന്ന വനം വകുപ്പ് ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ഏത് സർക്കാർ ഉത്തരവ് പ്രകാരമാണ് അവസാനിപ്പിച്ചതെന്നും, പ്രസ്തുത നടപടി സ്വീകരിക്കാനുണ്ടായ കാരണമെന്തെന്നും വ്യക്തമാക്കാമോ;

(ബി) മേല്പറഞ്ഞ ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം അവസാനിപ്പിച്ചതിനു ശേഷം യാതൊരുവിധ പരിശോധനയും ഇല്ലാതെ വനവിഭവങ്ങൾ നിർലോഭം കടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അടിയന്തരമായി പ്രസ്തുത ചെക്ക് പോസ്റ്റ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>**കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ തീരപ്രദേശത്ത് ഫലവൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കാൻ പദ്ധതി**</u>

2860 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ തീരപ്രദേശത്ത് വൃക്ഷത്തൈകൾ വെച്ചുപിടിപ്പിച്ചുകൊണ്ട് കടലേറ്റവും കടലാക്രമണവും തടയുന്നതിനായുള്ള പദ്ധതിയുടെ നിജസ്ഥിതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നറിയിക്കുമോ?

<u>**ബ്ലാവനക്കടവ്, മണികണ്ഠൻ ചാൽ പാലങ്ങളുടെ നിർമ്മാണം**</u>

2861 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ബ്ലാവനക്കടവ്, മണികണ്ഠൻ ചാൽ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ ഭാഗത്തുനിന്നും നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിനായി അടിയന്തരമായി വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**അരുവിക്കര മണ്ഡലത്തിലെ വില്ലേജുകളിലെ ഇക്കോസെൻസിറ്റീവ് ഏരിയ**</u>

2862 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ വില്ലേജുകളിൽ നിലവിലെ വിജ്ഞാപനപ്രകാരം ഇക്കോസെൻസിറ്റീവ് ഏര്യയായി കണക്കാക്കപ്പെട്ടിട്ടുള്ള ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കാവ് സംരക്ഷണ പദ്ധതി

2863 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കാവ് സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച കാവുകളുടെ പേര് വിവരം ലഭ്യമാക്കുമോ;

(ബി) ഓരോ കാവിനും അനുവദിച്ച ധനസഹായം എത്രയെന്ന് വ്യക്തമാക്കുമോ; അതിന്റെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## കടലാമ സംരക്ഷണം

2864 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാമ സംരക്ഷണവുമായി ബന്ധപ്പെട്ട് വനംവകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കടലാമ സംരക്ഷണത്തിനായി ഹാച്ചറികൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കടലാമ സംരക്ഷണവുമായി ബന്ധപ്പെട്ട് വാച്ചർമാർക്ക് നൽകുന്ന വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വനം-വന്യജീവി സംരക്ഷണ പദ്ധതികൾക്കായി കേന്ദ്രാവിഷ്കൃത ഫണ്ട്

2865 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം-വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾക്കായി സംസ്ഥാനത്തിന് കേന്ദ്രാവിഷ്കൃത ഫണ്ട് ലഭിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തികവർഷവും വിവിധ പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ?

## കാട്ടാനയുടെ ആക്രമണം തടയുന്നതിനായി ആറളം ഫാമിൽ ആനമതിൽ നിർമ്മാണ പുരോഗതി

2866 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനയുടെ ആക്രമണം തടയുന്നതിനായി ആറളം ഫാമിൽ ആനമതിൽ നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

**വന്യജീവികൾ നാട്ടിലിറങ്ങുന്നതു പ്രതിരോധിക്കാൻ നടപടി**

2867 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിൽ ചൂടുകൂടുന്നതിനാൽ കാട്ടാന അടക്കമുള്ള വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങി ജനങ്ങളെ കൊല്ലുന്ന സംഭവങ്ങൾ കൂടിവരുന്നത് പ്രതിരോധിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

**ദ്രുതകർമ്മ സേനകളെ ശക്തിപ്പെടുത്താൻ പദ്ധതി**

2868 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട് വനം വകുപ്പിന്റെ ദ്രുതകർമ്മ സേനകൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) അടുത്തിടെ സംസ്ഥാനത്ത് നടന്നുവരുന്ന മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ കണക്കിലെടുത്ത് ആർ.ആർ.ടി.യുടെ പ്രവർത്തനം വിപുലപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**ഇടുക്കി ജില്ലയിൽ വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയായവർ**

2869 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ഇടുക്കി ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടേയും പരിക്കേറ്റവരുടേയും എണ്ണം സംബന്ധിച്ച വിശദാംശം വർഷവും പഞ്ചായത്തും തിരിച്ച് നൽകുമോ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് നൽകിയ ധനസഹായം സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പ്രസ്തുത കാലയളവിൽ മനുഷ്യ- വന്യമൃഗ സംഘർഷം ഒഴിവാക്കുന്നതിനായി ഇടുക്കി ജില്ലയിൽ ആകെ എത്ര തുക ചെലവഴിച്ചു; വർഷം തിരിച്ച് വിശദാംശം നൽകാമോ?

**നാട്ടാനകളുടെയും കാട്ടാനകളുടെയും ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക്**

2870 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനിടയിൽ (2020-2025) നാട്ടാനകളുടെയും കാട്ടാനകളുടെയും ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക്

ലഭ്യമാക്കുമോ;

(ബി) നാട്ടാനകളുടെയും കാട്ടാനകളുടെയും ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവർക്ക് മേൽപ്പറഞ്ഞ കാലയളവിൽ എത്ര രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) നാട്ടാനകളുടെയും കാട്ടാനകളുടെയും ആക്രമണങ്ങൾ തടയുന്നതിന് വനം വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) നാട്ടാനകളുടെയും കാട്ടാനകളുടെയും ആക്രമണങ്ങൾ തടയുന്നതിന് വേണ്ടിയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ അഞ്ചു വർഷക്കാലം (2020-2025) എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇത് ഏതെല്ലാം പ്രവർത്തനങ്ങൾക്കാണെന്നും വിശദമാക്കുമോ?

**വന്യമൃഗങ്ങൾ കാരണമുള്ള കൃഷി നാശത്തിന്റെ നഷ്ടപരിഹാര തുക പരിഷ്കരണം**

2871 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ കാരണമുള്ള കൃഷി നാശത്തിന് സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷത്തിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇങ്ങനെ നശിക്കുന്ന കൃഷിക്ക് നഷ്ടപരിഹാരം അതാത് വർഷം തന്നെ നൽകി വരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ബി) നഷ്ടപരിഹാര തുക കാലാകാലങ്ങളിൽ പരിഷ്കരിക്കാറുണ്ടോ; അവസാനമായി നഷ്ടപരിഹാര തുക പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; ഇങ്ങനെ പരിഷ്കരിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ?

**പാലക്കാട് ജില്ലയിലെ കാട്ടാനശല്യം**

2872 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ മേഖലകളിൽ കാട്ടാനശല്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജില്ലയിൽ ആന, പുലി തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണത്തെ പ്രതിരോധിക്കാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ജില്ലയിലെ വനം വകുപ്പിന് ആവശ്യമായ വാഹനങ്ങൾ ഉൾപ്പടെയുള്ള സുരക്ഷാ ഉപകരണങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മുള്ളരിങ്ങാട് ജനവാസ കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള വനമേഖലകളിൽ ഫെൻസിംഗ്**

2873 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മണ്ഡലത്തിലെ മുള്ളരിങ്ങാട് ജനവാസ കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള വനമേഖലകളിൽ ഫെൻസിംഗ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) മുള്ളരിങ്ങാട് മേഖലയിൽ ജനങ്ങൾക്ക് ഭീഷണിയാകുന്ന കാട്ടാനകൾ ജനവാസകേന്ദ്രങ്ങളിൽ എത്താതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കുളത്തൂർ ആവലുങ്കാലിൽ നിന്ന് വനം വകുപ്പ് പിടികൂടിയ പുലി

2874 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് കുളത്തൂർ ആവലുങ്കാലിൽ നിന്ന് വനം വകുപ്പ് പുലിയെ പിടികൂടിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ എപ്പോഴാണ് പിടികൂടിയതെന്നും പുലിയെ എന്തു ചെയ്തുവെന്നും വ്യക്തമാക്കാമോ;

(സി) പുലിയോ കടുവയോ പിടിയിലായാൽ ജനവാസ മേഖലകളിൽ നിന്ന് എത്ര ദൂരം അകലെയുള്ള ഉൾക്കാടുകളിൽ തുറന്നു വിടണമെന്നാണ് നിയമമെന്ന് വ്യക്തമാക്കാമോ;

(ഡി) കുളത്തൂർ ആവലുങ്കാലിൽ നിന്ന് പിടികൂടിയ പുലിയെ തുറന്നു വിട്ടത് ഈ നിയമം അനുസരിച്ചാണോ എന്ന് വ്യക്തമാക്കാമോ;

(ഇ) ജനവാസമേഖലകളിൽ നിന്ന് പിടികൂടിയ പുലികളെ അകലെയുള്ള ഉൾക്കാടുകളിലോ അല്ലെങ്കിൽ വന്യജീവി സങ്കേതത്തിലോ കൊണ്ടു പോയി തുറന്നു വിടണമെന്നുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ജി) ഈ കേന്ദ്രങ്ങളിലേയ്ക്ക് പിടികൂടിയ പുലികളെ കൊണ്ടു പോകാൻ വരുന്ന ചെലവ് എത്രയാണെന്നും ഇത് ആരു വഹിക്കുമെന്നും വ്യക്തമാക്കാമോ?

## വന്യജീവി ആക്രമണങ്ങളെ ഫലപ്രദമായി നേരിടുന്നതിന് നിയമഭേദഗതി

2875 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണങ്ങളെ ഫലപ്രദമായി നേരിടുന്നതിന് കേന്ദ്ര നിയമത്തിലെയും മാർഗ്ഗരേഖകളിലെയും വ്യവസ്ഥകൾ തടസ്സം സൃഷ്ടിക്കുന്നതിനാൽ നിയമഭേദഗതി ആവശ്യമാണെന്ന് ചൂണ്ടിക്കാണിച്ച് ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തവണ നൽകിയിട്ടുണ്ട്; പ്രസ്തുത കത്തുകളുടെയും കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച മറുപടികളുടെയും പകർപ്പ് ലഭ്യമാക്കുമോ?

## മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിയന്ത്രിക്കുന്നതിന് സുസ്ഥിരവും ശാസ്ത്രീയവുമായ സംവിധാനങ്ങൾ

2876 **ശ്രീ പി എസ് സുപാൽ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ കെ വിജയൻ**

**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരന്തരം കാട്ടാനശല്യം ഉണ്ടാകുന്ന പ്രദേശങ്ങളിലെ സ്ഥിരതാമസക്കാർ വീടും സ്ഥലവും ഉപേക്ഷിച്ച് മറ്റ് സ്ഥലങ്ങളിലേക്ക് കുടിയേറിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വന്യമൃഗങ്ങളുടെ നിരന്തരമായ ആക്രമണത്തെ തുടർന്ന് വീടും വസ്തുവും ഒഴിഞ്ഞുപോകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും വനം വകുപ്പിന് പ്രത്യേക പദ്ധതി നിലവിലുണ്ടോ; വിശദമാക്കമോ;

(സി) വനമേഖലയോട് ചേർന്നുള്ള കൃഷിയിടങ്ങളിലേക്കും ജനവാസകേന്ദ്രങ്ങളിലേക്കും കാട്ടാനകൾ നിരന്തരമായി എത്തിപ്പെടുന്നത് തടയുന്നതിനുവേണ്ടി കൃഷിഭൂമിയുടെ അതിർത്തികളിൽ ആഴം കൂടിയ മഴക്കുഴികൾ നിർമ്മിക്കുന്നതിനുൾപ്പടെയുള്ള പദ്ധതികൾ തയ്യാറാക്കുമോ; വിശദമാക്കുമോ?

<u>**വന്യജീവി ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം**</u>

2877 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മുതൽ നാളിതുവരെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ എത്രപേർക്ക് പരുക്കേറ്റിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വന്യജീവി ആക്രമണത്തിന് ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി എത്ര തുക നഷ്ടപരിഹാരം നൽകാൻ അവശേഷിക്കുന്നുണ്ട്;

(സി) പ്രസ്തുത കാലയളവിൽ ഇടുക്കി ജില്ലയിൽ കാട്ടാന ആക്രമണത്തിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; ഇവർക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള കർമ്മ പദ്ധതി**</u>

2878 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തികളിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി പുതിയതായി പത്തിന കർമ്മ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾ എന്നുമുതൽ ആരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സന്നദ്ധ പ്രതികരണ സേന രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) വന്യജീവികളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിനായി ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## വന്യമൃഗങ്ങൾ കാരണമുള്ള കൃഷിനാശത്തിന് വനം വകുപ്പ് നൽകിവരുന്ന നഷ്ടപരിഹാരത്തുക

2879 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ കാരണമുള്ള കൃഷിനാശത്തിന് വനവകുപ്പ് നൽകിവരുന്ന നഷ്ടപരിഹാരത്തുക ഏറ്റവും ഒടുവിൽ എന്നാണ് പരിഷ്കരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരത്തുകയിൽ കാലാനുസൃതമായി വർദ്ധനവ് വരുത്താത്തത് മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിനുള്ള കെട്ടിക്കിടക്കുന്ന അപേക്ഷകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി പുതിയ എന്തെങ്കിലും കർമ്മപദ്ധതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## വന്യജീവി ആക്രമണം

2880 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2020-2025 വർഷകാലയളവിൽ കാട്ടാനകൾ ഒഴികെയുള്ള വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കാട്ടാനകൾ ഒഴികെയുള്ള വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവർക്ക് മേൽപ്പറഞ്ഞ കാലയളവിൽ എത്ര രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) കാട്ടാനകൾ ഒഴികെയുള്ള വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് വനം വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) കാട്ടാനകൾ ഒഴികെയുള്ള വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് വേണ്ടിയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് 2020-2025 വർഷകാലയളവിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇത് ഏതെല്ലാം പ്രവർത്തനങ്ങൾക്കായാണെന്നും വിശദമാക്കുമോ;

(ഇ) വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് വേണ്ടിയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കും വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്തവർക്കുള്ള നഷ്ടപരിഹാരം നൽകുന്നതിനും 2020-2025 വർഷകാലയളവിൽ കേന്ദ്ര സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## വന്യമൃഗ ആക്രമണത്തിൽ വീട് നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

2881 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ആക്രമണത്തിൽ വീട് നാശം സംഭവിച്ചവർക്ക് നൽകിവരുന്ന നഷ്ടപരിഹാരം എത്രയാണെന്ന് അറിയിക്കുമോ; ഇത് കാലോചിതമായി വർധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**<u>വനാതിർത്തികളിലെ വന്യജീവി ആക്രമണം</u>**

2882 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും വന്യജീവി ആക്രമണം തടയാൻ അനുവദിച്ച തുക ഏതെല്ലാം മേഖലയിലാണ് ചിലവഴിച്ചതിന്റെ വിശദാംശം വർഷം തിരിച്ച് നൽകാമോ;

(ബി) സംസ്ഥാനത്ത് വന്യജീവി ആക്രമണം തുടർക്കഥയാകുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കാൻ ഇപ്പോൾ സ്വീകരിച്ച നടപടികൾ പര്യാപ്തമല്ലാത്തതിനാൽ പുതിയ പദ്ധതികൾ ഈ മേഖലയിലെ വിദഗ്ധരുമായി ആലോചിച്ച് കേന്ദ്ര സർക്കാരിന്റെ അഭിപ്രായവും കൂടി സ്വീകരിച്ച് പരിഹരിക്കുന്നതിനുള്ള സ്ഥായിയായ നടപടികൾ സ്വീകരിക്കുമോ?

**<u>ആന്റിവെനം നിർമ്മിക്കുന്നതിനുള്ള പദ്ധതി</u>**

2883 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2016 മുതൽ നാളിതുവരെ എത്രപേർ പാമ്പ് കടിയേറ്റ് മരണപ്പെട്ടിട്ടുണ്ടെന്നുള്ള കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആന്റിവനം നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

**<u>വന്യമൃഗ ആക്രമണം - കൃഷിനാശത്തിന് നഷ്ടപരിഹാരം</u>**

2884 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യ മൃഗങ്ങളുടെ ആക്രമണത്തിൽ ഉണ്ടാകുന്ന കൃഷി നാശത്തിന്റെ നഷ്ടപരിഹാര തുക എത്രയാണ്; പ്രസ്തുത തുക അവസാനമായി പരിഷ്കരിച്ചത് 2015 ലാണോ എന്ന് വ്യക്തമാക്കുമോ;

(ബി) <u>പത്തു</u> വർഷത്തിനിടെ കൃഷി ചെലവ് കുത്തനെ കൂടുകയും വളത്തിന്റെയും വിത്തിന്റെയും വില ഇരട്ടിയാവുകയും കൂലി വർധനവ് ഉണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ഉണ്ടാകുന്ന കൃഷി സർക്കാർ നടപടി സ്വീകരിക്കുമോ?

## ജനവാസമേഖലകളിലോ, റോഡുകളിലോ അപകടകരമായി എത്തപ്പെടുന്ന വന്യമൃഗങ്ങളെ സംബന്ധിച്ച് അറിയിപ്പ്

2885 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. എം. എം. മണി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസമേഖലകളിലോ, റോഡുകളിലോ അപകടകരമായി എത്തപ്പെടുന്ന വന്യമൃഗങ്ങളെ സംബന്ധിച്ച് പ്രദേശവാസികൾക്കും വഴിയാത്രക്കാർക്കും വനപാലകർക്കും അറിയിപ്പ് നൽകുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) മനുഷ്യ-വന്യമൃഗ സംഘർഷം നേരിടുന്നതിന് വെറ്ററിനറി ഡോക്ടർമാരുടെ അപര്യാപ്തത നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## ചേലക്കര മണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിലെ ഫെൻസിങ്ങ്

2886 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ വനാതിർത്തിയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലും, കൃഷിയിടങ്ങളിലും ആനകളും മറ്റ് വന്യജീവികളും കാർഷികവിളകൾ നശിപ്പിക്കുന്നത് തടയുന്നതിനായി വനംവകുപ്പ് രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ഫെൻസിങ്ങ് ചെയ്യുന്ന പ്രവൃത്തി നടത്തി വരുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രവൃത്തി നടത്തിവരുന്നത്; പ്രസ്തുത പ്രവൃത്തിക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത പ്രവൃത്തി സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## വനാതിർത്തികളിൽ ഫെൻസിംഗ്

2887 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനാതിർത്തികളിൽ ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ഇടുക്കി ജില്ലയിൽ വന്യജീവി ആക്രമണം തടയുന്നതിന് നടപടി

2888 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പീരുമേട് മണ്ഡലത്തിൽ വന്യജീവി ആക്രമണം തടയുന്നതിന് എന്ത് തുകയാണ് ചെലവാക്കിയിട്ടുള്ളതെന്നും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

## പ്രതിരോധിക്കുന്നതിനിടയിൽ വന്യമൃഗങ്ങൾ കൊല്ലപ്പെട്ടാലുള്ള നിയമനടപടി

2889 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലകളിലേക്ക് കടന്നുകയറുകയും മനുഷ്യ ജീവന് ഭീഷണിയുയർത്തുകയും ചെയ്യുന്ന വന്യമൃഗങ്ങളെ കൊല്ലുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; മനുഷ്യരെ ആക്രമിക്കുന്ന വന്യജീവികളെ പ്രതിരോധിക്കുന്നതിനിടയിൽ അവ കൊല്ലപ്പെട്ടാൽ ആയതിന്റെ പേരിൽ എന്തെങ്കിലും നിയമനടപടികൾ നേരിടേണ്ടതുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ഹാംഗിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ

2890 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ കർണ്ണാടക വനാതിർത്തിയിലുള്ള ചെറുപുഴ ഗ്രാമപഞ്ചായത്തിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് ഇനി ഹാംഗിംഗ് ഫെൻസിംഗ് സ്ഥാപിക്കാനുള്ളതെന്ന് അറിയിക്കാമോ;

(ബി) തിരുനെറ്റി മുതൽ ഉമയംചാൽ വരെയുള്ള സ്ഥലങ്ങളിൽ ഹാംഗിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## മനുഷ്യ-വന്യജീവി സംഘർഷം

2891 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി എമർജൻസി ഓപ്പറേഷൻ സെന്റർ സജ്ജമാക്കുന്നതിന് വനം വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകിയ റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയായിരുന്നു; ഈ ശിപാർശകൾ നടപ്പാക്കുന്നതിനായി ഏതൊക്കെ ഇനത്തിൽ എത്ര തുകയാണ് ആവശ്യപ്പെട്ടതെന്നും സർക്കാർ ഏതൊക്കെ ഇനത്തിൽ എത്ര തുക അനുവദിച്ചു എന്നും വ്യക്തമാക്കുമോ?

## നാട്ടാന പരിപാലന നിയമം

2892 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ നാട്ടാനകളുടെ ആക്രമണത്തിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നും

വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര നാട്ടാനകൾ മരണപ്പെട്ടിട്ടുണ്ട്; എന്തെങ്കിലും തരത്തിലുള്ള അപകടങ്ങളെ തുടർന്ന് എത്ര നാട്ടാനകൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) നാട്ടാന പരിപാലന നിയമത്തിന്റെ ലംഘനത്തെ തുടർന്ന് മേൽ പരാമർശിച്ചിരിക്കുന്ന കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; നാട്ടാന പരിപാലന നിയമം കർശനമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആന എഴുന്നള്ളത്ത്

2893 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ആന എഴുന്നള്ളത്തിന് അനുമതി നല്കിയിട്ടുള്ള ക്ഷേത്രങ്ങളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ;

(ബി) ആരാധനാലയങ്ങളിൽ ആന എഴുന്നള്ളത്തിന് അനുമതി നല്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

## ഉത്സവ സീസണുകളിൽ ആനകൾക്ക് മതിയായ വിശ്രമം ലഭ്യമാക്കുന്നത് സംബന്ധിച്ച്

2894 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കണക്കുപ്രകാരം കേരളത്തിൽ എത്ര നാട്ടാനകളുണ്ട്;

(ബി) കേരളത്തിൽ ഓരോ വർഷവും ആന എഴുന്നള്ളിപ്പു നടത്തുന്ന ശരാശരി എത്ര പൂരങ്ങളും നേർച്ചകളും പെരുന്നാളുകളുമാണ് ഉള്ളത് ;

(സി) ഉത്സവസീസൺ കാലത്ത് ആനകൾക്ക് മതിയായ വിശ്രമവും പരിചരണവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ വനം വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

## സംസ്ഥാനത്തെ നാട്ടാനകളുടെ സ്ഥിതിവിവരക്കണക്കുകൾ

2895 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാട്ടാനകളുടെ കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ സർക്കാരിന്റെ കൈവശമുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിൽ നാട്ടാനകളുടെ ഉയരം കണക്കാക്കി സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത് ഏത് വർഷത്തെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് എന്നറിയിക്കാമോ;

(സി) ആയത് പുന:പരിശോധന നടത്തി ഇതു സംബന്ധിച്ച ഡാറ്റാ ബുക്ക് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും നാട്ടാനകളെ സംസ്ഥാനത്ത് എത്തിക്കുന്നതിനും പരിപാലിക്കുന്നതിനും അനുമതി നൽകുന്നതുമുൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേന്ദ്ര വന്യജീവി നിയമത്തിന്റെ ഭേദഗതി

2896 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ ഒന്നാം പട്ടികയിൽപ്പെട്ട അപകടകാരികളായ വന്യമൃഗങ്ങളെ കൊല്ലുന്നതിന് മുമ്പ് എന്തെല്ലാം നിയമങ്ങൾ പാലിച്ചിരിക്കണമെന്നാണ് പ്രസ്തുത നിയമം അനുശാസിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) മനുഷ്യന് ഭീഷണിയാകുന്ന വന്യമൃഗങ്ങളെ കൊല്ലുന്നതിനുള്ള പ്രസ്തുത നിയമത്തിലെ പ്രായോഗിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി നിലവിലെ നിയമം ഭേദഗതി ചെയ്യുന്നതിന് സംസ്ഥാന സർക്കാർ ഇതേവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്നതിനെ സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള അതിഥി മന്ദിരങ്ങൾ

2897 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ, അതിഥി മന്ദിരങ്ങൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അതിഥി മന്ദിരങ്ങൾ വാടക നിശ്ചയിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## ഉടുമ്പൻചോല മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

2898 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം നാളിതുവരെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഭൂജല വകുപ്പ്, വാട്ടർ അതോറിറ്റി എന്നിവ മുഖേന ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ പേര്, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം നൽകാമോ?

## ആലത്തൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

2899 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിന് കീഴിൽ ആലത്തൂർ മണ്ഡല പരിധിയിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിക്കപ്പെട്ട തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും തരംതിരിച്ച് വിശദമാക്കുമോ?

## മഞ്ഞപ്പുഴ-രാമൻപുഴ സംരക്ഷണം

2900 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ഞപ്പുഴ-രാമൻപുഴ സംരക്ഷണത്തിനായി എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നത്; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പുഴയോട് ചേർന്ന് കിടക്കുന്ന ബാലുശ്ശേരി കോട്ടനടയുടെ സംരക്ഷണത്തിനായി മഞ്ഞപ്പുഴയിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കുറ്റ്യാടിപ്പുഴയിൽ അടിഞ്ഞുകൂടിയ മണൽ നീക്കംചെയ്യൽ

2901 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടിപ്പുഴയിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

## വളപട്ടണം പുഴയുടെ തീരസംരക്ഷണം

2902 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ ആന്തൂർ നഗരസഭാ പരിധിയിലുള്ള വളപട്ടണം പുഴയുടെ തീരസംരക്ഷണത്തിന് ഭരണാനുമതി ലഭിച്ച പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കാമോ?

## തിരൂർ -പൊന്നാനി പുഴ സംരക്ഷണം

2903 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ -പൊന്നാനി പുഴ നിലവിൽ പാരിസ്ഥിതികവും മാനുഷിക ഇടപെടലും കാരണം അഭിമുഖീകരിക്കുന്ന വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തിരൂർ-പൊന്നാനി പുഴ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പുഴയിൽ മുൻകാലങ്ങളിൽ നടന്നുവന്നിരുന്ന ജലഗതാഗതം അവസാനിച്ചത് എന്നാണെന്നും ആയതിന് കാരണമെന്തെന്നും അറിയിക്കാമോ;

(ഡി) പൊന്നാനി പുഴയിൽ ജലഗതാഗതം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## കാഞ്ഞിരപ്പുഴ കനാലിൽ ബണ്ട് പുനർ നിർമ്മാണത്തിന് നടപടി

2904 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ കനാലിന്റെ വേങ്ങശ്ശേരി ഉപകനാലിൽ കണ്ടുവംപാടം ചെറുക്കുന്നത്തുകാവ് ഭാഗത്ത് ബണ്ട് പൊട്ടിയതിനെ തുടർന്ന് ജലവിതരണം തടസ്സപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലവിതരണം തടസ്സപ്പെട്ടതുകൊണ്ട് കോങ്ങാട്, കേരളശ്ശേരി, മണ്ണൂർ മുതലായ പഞ്ചായത്തുകളിലെ കൃഷിക്കും കുടിവെള്ള ലഭ്യതയ്ക്കും പ്രയാസം നേരിടുന്ന സാഹചര്യത്തിൽ ബണ്ട് അടിയന്തരമായി പുനർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ നവീകരണം

2905 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൃഷിക്കും കുടിവെള്ളത്തിനുമായി ആശ്രയിക്കുന്ന കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ പല ഭാഗത്തുമുള്ള ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൺകനാലിന്റെ പൂർണ്ണമായ നവീകരണത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കനാലുകളുടെ നവീകരണത്തിന് എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

## നഗര പ്രദേശങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് പദ്ധതികൾ

2906 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കാനുതകുംവിധം തോടുകളുടെയും ഓടകളുടെയും തുടർച്ചയായ ശുചീകരണം ഉറപ്പുവരുത്തുന്നതിനായി റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തുന്ന വിഷയം ഇറിഗേഷൻ വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കല്ലട ജലസേചന പദ്ധതിയുടെ കനാൽ നീട്ടുന്നതിന് നടപടി

2907 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലൂടെ കടന്ന് പോകുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാൽ, താമരക്കുളത്ത് നിന്നും കായംകുളം മണ്ഡലത്തിലേക്ക് നീട്ടുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എത്രമാത്രം സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കനാൽ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കുറ്റ്യാടി പുഴയോര സംരക്ഷണം

2908 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ അപകടാവസ്ഥയിലായ കുറ്റ്യാടി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) 2021 ജൂൺ മാസം മുതൽ ഇതുവരെയായി കുറ്റ്യാടി പുഴയോരം സംരക്ഷിക്കുന്നതിന് നടപ്പിലാക്കിയ പ്രവൃത്തികളുടെയും ആയതിന്റെ ഫണ്ടിന്റെയും വിവരം ലഭ്യമാക്കുമോ?

## കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാൽ പൂർത്തീകരണം

2909 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ മുടങ്ങിക്കിടക്കുന്ന നാല് റീച്ചുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ; കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കനാലിന്റെ രണ്ട്, അഞ്ച് റീച്ചുകളുടെ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഇനി എത്ര റീച്ചുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; മുളക്കുളം പഞ്ചായത്തിൽ നിർമ്മാണം മുടങ്ങിക്കിടക്കുന്ന കനാലിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയും ഇതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ;

(ഡി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ തകർന്ന് കിടക്കുന്ന കനാൽ ബണ്ട് റോഡുകൾ നവീകരിക്കുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

## വാളയാർ ഡാം കനാലുകളുടെ നവീകരണം

2910 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാർ ഡാം കനാലുകളുടെ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി ശതമാന കണക്കിൽ അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് എത്ര രൂപ ടെണ്ടർ സേവിംഗ്സ് ഉണ്ടെന്ന് വിശദമാക്കാമോ?

## കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ഫീൽഡ് ബോത്തി കനാലിന് ഏറ്റെടുത്ത സ്ഥലങ്ങൾ

2911 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ഫീൽഡ് ബോത്തി കനാലിനായി ഏറ്റെടുത്ത സ്ഥലങ്ങൾ ലീസിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങൾ അനധികൃതമായി കൈയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ പൊതു കുളങ്ങളുടെ നവീകരണം

2912 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിലെ വിവിധ പൊതുകുളങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവൃത്തികളുടെയും അനുവദിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) മണ്ഡലത്തിൽ ഇനി നവീകരിക്കാനുള്ള കുളങ്ങളുടെ പേര് വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകുമോ?

## മുല്ലപ്പെരിയാറിൽ പുതിയ ഡാം

2913 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നത് സംബന്ധിച്ച നയം എന്താണെന്ന് അറിയിക്കാമോ; ഇതിനായി പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത്; വിശദാംശം നൽകുമോ;

(ബി) ഇതുമായി ബന്ധപെട്ട് പഠനം നടത്തിയ പ്രഗതി ലാബ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഡാം നിർമ്മിക്കുന്നതിനുള്ള 'സ്പെഷ്യൽ പർപ്പസ് വെഹിക്കിളി'ന് രൂപം നൽകാൻ സാധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ ഡാം നിർമ്മാണം യാഥാർത്ഥ്യമാകുന്നതിന് അവശേഷിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## മംഗലം ഡാമിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിന് നടപടി

2914 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാമിലെ ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തി നിർത്തിവച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പുനരാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## കരിങ്കുഴി വി.സി.ബി.യുടെ സൈഡ് സംരക്ഷണ ഭിത്തി നിർമ്മാണം

2915 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കാങ്കോൽ കരിങ്കുഴി വി.സി.ബി.യുടെ സൈഡ് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## ക്ഷേത്ര പുഴയോരത്ത് സംരക്ഷണ ഭിത്തി കെട്ടാൻ നടപടി

2916 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതും ചരിത്രപ്രസിദ്ധവുമായ പടിഞ്ഞാറ്റുമുറി കീഴ് തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപ്പുഴയോട് ചേർന്നുള്ള ഭാഗം ഇടിഞ്ഞുതാഴ്ന്നതിനാൽ പുഴയോരം ഭിത്തികെട്ടി സംരക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഭക്തരുടെയും പ്രദേശവാസികളുടെയും ദീർഘകാലമായുള്ള ആവശ്യം പരിഗണിച്ച് പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുമോ; വ്യക്തമാക്കുമോ?

## കടലാക്രമണം തടയുന്നതിന് നടപടി

2917 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം രൂക്ഷമായനുഭവപ്പെടുന്ന വൈപ്പിൻ കരയിലെ എടവനക്കാട്, നായരമ്പലം, ഞാറക്കൽ, പള്ളിപ്പുറം, എളങ്കുന്നപ്പുഴ തുടങ്ങിയ പ്രദേശങ്ങളെ ഹോട്ട്സ്പോട്ടുകളിൽ ഉൾപ്പെടുത്തി കടലാക്രമണം തടയുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പിലെ ഐ.ആർ2/355/2024 നമ്പർ ഫയൽ പ്രകാരം ആവശ്യപ്പെട്ട അടിയന്തര

റിപ്പോർട്ട് സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## വേലിയേറ്റ ഭീഷണി തടയുന്നതിന് നടപടി

2918 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തീരദേശ പ്രദേശങ്ങളിൽ അടിക്കടിയുണ്ടാകുന്ന വേലിയേറ്റം തീരദേശ വാസികളെ ദുരിതത്തിലാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ഡലത്തിലെ വേലിയേറ്റ ഭീഷണി തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കടൽഭിത്തി നിർമ്മാണം

2919 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭം പരിഹരിക്കുന്നതിനും കടൽഭിത്തി നിർമ്മിക്കുന്നതിനും കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## കടലുണ്ടി പുഴയിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് നടപടി

2920 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് പഞ്ചായത്തിലെ കടലുണ്ടിക്കടവ് പാലത്തിന് സമീപം കടലും കടലുണ്ടി പുഴയും ചേരുന്ന അഴിമുഖത്ത് മണ്ണും ചെളിയും മറ്റും അടഞ്ഞുകൂടി പുഴയുടെ നീരൊഴുക്ക് പൂർണ്ണമായും തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ നീക്കം ചെയ്യുന്നതിന് എന്തെങ്കിലും പ്രപ്പോസലുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ; ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുമോയെന്ന് അറിയിക്കാമോ?

## ഇറിഗേഷൻ ടൂറിസം പദ്ധതി

2921 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻ കെട്ടിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള ഇറിഗേഷൻ ടൂറിസവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്നവിധം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കുമ്പോൾ പ്രദേശവാസികൾക്കുകൂടി തൊഴിലും അനുബന്ധ പരിഗണനയും ഉറപ്പുവരുത്തുമോ;

(ഡി) വർഷങ്ങളായി ഈ പ്രദേശത്ത് ടൂറിസവുമായി ബന്ധപ്പെട്ട് ബോട്ടിംഗ് നടത്തിയവരെക്കൂടി പദ്ധതിയുടെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ഓടൻചിറ ഇറിഗേഷൻ ഷട്ടർ പ്രവർത്തമക്ഷമമാക്കാൻ നടപടി**

2922 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മണലിപ്പുഴയിലെ ഓടൻചിറ ഇറിഗേഷൻ ഷട്ടർ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിൽ പ്രവർത്തനക്ഷമല്ലാതായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഷട്ടർ പുതുക്കിപ്പണിയുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഓടൻചിറ ഷട്ടർ, ഓടൻചിറ റെഗുലേറ്റർ കം ബ്രിഡ്ജ് ആക്കി മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**കായംകുളം മണ്ഡലത്തിലെ സ്ലൂയിസ് കം കൾവെർട്ടുകൾ**

2923 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷന്റെ പരിധിയിൽ വരുന്ന വിവിധ വകുപ്പുകൾ കായംകുളം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെയും നഗരസഭാ പ്രദേശങ്ങളിലെയും കനാലുകളിലും തോടുകളിലും എത്ര സ്ലൂയിസ് കം കൾവെർട്ടുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ?

**ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ തുക**

2924 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ലെ ബജറ്റിൽ ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക എത്രയാണെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകാമോ;

(ബി) സാമ്പത്തിക പ്രതിസന്ധി മൂലം വകയിരുത്തിയ തുകയിൽ നിന്ന് എത്ര ശതമാനം തുക വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഫണ്ട് ലഭ്യമാകാത്തത് മൂലം പ്രഖ്യാപിച്ച പദ്ധതികൾ ഉപേക്ഷിക്കേണ്ടിവരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**കായംകുളം മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പ് പ്രവൃത്തികൾ**

2925 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ വഴി നടപ്പാക്കിയ പ്രവൃത്തികൾ, ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ?

## ഇഞ്ചൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

2926 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി ഗ്രാമപ്പഞ്ചായത്തിലെ ഇഞ്ചൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ നവീകരണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്

2927 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി, പേരാമ്പ്ര നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ്

2928 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തായിരുന്നുവെന്നും അവ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് കരാറെടുത്ത കമ്പനിയുടെ വിവരവും അതു പൂർത്തീകരിക്കുന്നതിന് നൽകിയ തുകയുടെ വിവരവും ലഭ്യമാക്കാമോ; പ്രസ്തുത കമ്പനി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) ബ്രിഡ്ജ് നിർമ്മിക്കുന്നതിന് കരാറെടുത്ത കമ്പനിയുമായി സർക്കാർ ഒപ്പിട്ട ധാരണ പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ക്ഷമത, ബലം, ഭാരം താങ്ങുന്നതിനുള കഴിവ് എന്നിവ ഏറ്റവും ഒടുവിൽ പരിശോധിച്ചത് എന്നാണെന്നും അതിന്റെ ഫലം

എന്താണെന്നും അറിയിക്കാമോ;

(ഇ) ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികളും അപാകതകളും പരിഹരിച്ച് ജല ഗതാഗതത്തിനും ജലസേചനത്തിനും സാധ്യമാകുന്ന രീതിയിലാക്കിയെടുക്കാൻ സ്വീകരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

**<u>കുമ്പള കഞ്ചികട്ടയിൽ പുതിയ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം</u>**

2929 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പള കഞ്ചികട്ട വി.സി.ബി. കം ബ്രിഡ്ജ് അടച്ചിട്ടതിനാൽ ഇത് വഴിയുള്ള ഗതാഗതം തടസ്സപ്പെട്ടതും കൃഷിഭൂമിയിലേക്കുള്ള ജലലഭ്യത ഇല്ലാതായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ബദൽ സംവിധാനമൊരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) നിർദ്ദിഷ്ട പാലം നിർമ്മിക്കുന്നതിനായി സർക്കാർ ബജറ്റിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ;

(ഡി) കുമ്പള കഞ്ചികട്ട റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം തുടങ്ങുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ?

**<u>നട്ടിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ്</u>**

2930 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>ഇരിക്കൂർ മണ്ഡലത്തിലെ മൂരിക്കടവിൽ ആർ.സി.ബി. നിർമ്മാണം</u>**

2931 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ ഉദയഗിരി പഞ്ചായത്തിലെ മൂരിക്കടവിൽ ആർ.സി.ബി. നിർമ്മിക്കുന്നതിന് ബജറ്റിൽ ടോക്കൺ അനുവദിച്ചിട്ടുണ്ടെങ്കിലും ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

**<u>ഏനാമാവ് റെഗുലേറ്റർ നവീകരണം</u>**

2932 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏനാമാവ് റെഗുലേറ്റർ നവീകരണത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റെഗുലേറ്ററിന്റെ നവീകരണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

**കേരള വാട്ടർ അതോറിറ്റിയിലെ തസ്തിക പുനർനാമകരണം**

2933 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ പ്ലംബർ തസ്തിക പുനർനാമകരണം ചെയ്യണമെന്ന് ശമ്പളകമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; ഏതൊക്കെ തസ്തികയുടെ പുനർനാമകരണമാണ് ശിപാർശ ചെയ്തിട്ടുള്ളതെന്നും ആയതിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും അറിയിക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾ നടപ്പാക്കി ഉത്തരവായിട്ടുണ്ടോ; എങ്കിൽ അതിലൂടെ എത്ര തസ്തികകൾ പുനർനാമകരണം ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(സി) തസ്തിക പുനർനാമകരണം നടപ്പിലാക്കിയതിലൂടെ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാശങ്ങൾ അറിയിക്കുമോ?

**ജലവിഭവ വകുപ്പിലെ ബോട്ട് ഡ്രൈവർമാരുടെ നിയമനം**

2934 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ എത്ര ബോട്ടുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ബോട്ട് ഡ്രൈവർമാരിൽ സ്ഥിരനിയമനം നേടിയ ഉദ്യോഗസ്ഥർ,, താൽക്കാലിക നിയമനം നേടിയ ജീവനക്കാർ എന്നിവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) ബോട്ട് ഡ്രൈവർ -ന്റെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് ഏതൊക്കെ ജില്ലകളിലേക്ക് നിയമനം നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

**മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

2935 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പദ്ധതിയുടെ സിവിൽ വിഭാഗം പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സം നേരിടുന്നുണ്ടോയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

**കുറ്റ്യാടി ഇറിഗേഷൻ പദ്ധതി**

2936 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിലെ അപകടാവസ്ഥയിലായ നിർമ്മാണങ്ങൾ പുനർനിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ആലപ്പുഴ മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ</u>

2937 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ 2016 മുതൽ ഭരണാനുമതി ലഭിച്ച മേജർ/മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ വിവരങ്ങൾ വ്യക്തമാക്കാമോ; ഈ പ്രവൃത്തികളിൽ നിർമ്മാണം ആരംഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും എന്നാൽ എഗ്രിമെന്റ് കാലാവധി അവസാനിച്ചിട്ടും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ആലപ്പുഴ മണ്ഡലത്തിലെ പഞ്ചായത്തുകളിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## <u>മീനച്ചിലാറിന് ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കാൻ നടപടി</u>

2938 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിൽ മീനച്ചിലാറ്റിലെ വിവിധ തടയണകളിൽ ധാരാളം മാലിന്യം അടിഞ്ഞുകൂടി നീരൊഴുക്ക് തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നീക്കം ചെയ്ത് ആറിന് ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) മീനച്ചിലാറ്റിലേക്ക് എത്തിച്ചേരുന്ന പ്രധാനപ്പെട്ട കൈവഴികൾ, രേഖകളിലെ അളവിൻ പ്രകാരം ആഴവും വീതിയും കൂട്ടി മാലിന്യം നീക്കം ചെയ്ത് സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## <u>കോട്ടയ്ക്കൽ മണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ പ്രവൃത്തികൾ</u>

2939 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയ്ക്കൽ മണ്ഡലത്തിൽ നടപ്പാക്കുന്ന മേജർ/മൈനർ ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പ്രവൃത്തി ആരംഭിച്ചതും പൂർത്തീകരിച്ചിട്ടില്ലാത്തതുമായവ, നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തവ എന്നിവയുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിൽ പുതുതായി ഏതെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മേജർ/മൈനർ വിഭാഗങ്ങളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എത്ര പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അവയുടെ വിശദാംശവും നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

**<u>കടുത്തുരുത്തി മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ</u>**

2940 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടുത്തുരുത്തി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ പ്രവൃത്തികൾക്കായി പ്ലാൻ, നോൺ പ്ലാൻ, വെള്ളപ്പൊക്ക നിവാരണം തുടങ്ങി വിവിധ ഫണ്ടുകളിൽ നിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും ഭരണാനുമതി തുകയും ഓരോ പ്രവൃത്തിയും എത്ര ശതമാനം പൂർത്തിയായെന്നുമുള്ള വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നാളിതുവരെ ടെണ്ടർ ചെയ്യാത്തവ ഏതെല്ലാമെന്നും ടെണ്ടർ ചെയ്തിട്ടും ഏറ്റെടുക്കാത്തവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

**<u>കുണ്ടറ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ</u>**

2941 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 വരെ ഏതൊക്കെ ഇറിഗേഷൻ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഓരോ പ്രവൃത്തിക്കും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ</u>**

2942 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2024 വരെ മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകൾ മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിവരം ലഭ്യമാക്കുമോ;

(ബി) ഇതിൽ പൂർത്തീകരിച്ചിട്ടുള്ളതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം നൽകാമോ?

**<u>തിരൂരങ്ങാടി മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ</u>**

2943 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന അനുവദിച്ച പ്രവൃത്തികളും അവയുടെ തുകകളും ഭരണാനുമതിയുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**ജലവിതാനത്തിൽപ്പെട്ടുപോയ കർഷകരുടെ ഭൂമി ഏറ്റെടുക്കൽ**

2944 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കായലിലെ ജലവിതാനത്തിൽപ്പെട്ടുപോയ കർഷകരുടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 13.04.2022-ന് പുറത്തിറക്കിയ സർക്കാർ ഉത്തരവ് 324/2022/ജ.വി.വ. പ്രകാരം എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കൽ വിഷയവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

**മോര്യകാപ്പ് പദ്ധതി നവീകരണം**

2945 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യകാപ്പ് നവീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**പറളിപ്പാടം വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം**

2946 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ കാട്ടിപ്പരുത്തിയിൽ പറളിപ്പാടം വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി (എം.ഐ ക്ലാസ് I, 4702-00-101-99-01) സംബന്ധിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) 2024-25 സാമ്പത്തിക വർഷത്തെ എം.ഐ ക്ലാസ്-I ഹരിതകേരളം ശീർഷകത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**എൻ.സി.സി.ആർ. ഷോർലൈൻ മാനേജ്മെന്റ് പ്ലാൻ**

2947 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കടൽ തീരങ്ങളേയും ഉൾപ്പെടുത്തി എൻ.സി.സി.ആർ. ഷോർലൈൻ മാനേജ്മെന്റ് പ്ലാൻ എന്നത്തേക്ക് തയ്യാറാക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനം മൂലമുള്ള തിക്തഫലങ്ങളും കടലാക്രമണവും മുൻപെങ്ങുമില്ലാത്ത വിധം രൂക്ഷമാകുന്ന ദ്വീപ് മണ്ഡലമായ വൈപ്പിൻകരയിലെ എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ, പള്ളിപ്പുറം, എളങ്കുന്നപ്പുഴ തുടങ്ങിയ

പഞ്ചായത്ത് നിവാസികളുടെ ജീവനും സ്വത്തിനും നേരിടുന്ന ഭീഷണി കണക്കിലെടുത്ത് എൻ.സി.സി.ആർ. ൽ നിന്നും ഡിസൈൻ ലഭ്യമാക്കുവാനും അനുയോജ്യമായ തീരസംരക്ഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുവാനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**ഇറിഗേഷൻ ടൂറിസം പോളിസിയുടെ ഭാഗമായുള്ള പദ്ധതികൾ**

2948 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ ടൂറിസം പോളിസിയുടെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് പുതുതായി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാഞ്ഞിരപ്പുഴ ഡാമിന്റെ ടൂറിസം സാധ്യതകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**കാസർഗോഡ് ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ**

2949 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ നിലവിൽ കണ്ണൂർ ആണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സെക്ഷൻ കാസർഗോഡേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഐ.ഡി.ആർ.ബി-യുടെ കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഓഫീസ് പ്രവർത്തനം കണ്ണൂർ ജില്ലയിൽ ആയതിനാൽ ക്വാളിറ്റി കൺട്രോൾ സെക്ഷൻ കാസർഗോഡിന്റെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

**കല്ലായിപ്പുഴയിലെ ചെളിനീക്കൽ**

2950 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കല്ലായിപ്പുഴയിലെ ചെളിനീക്കൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രവൃത്തി വേഗത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ഡാമുകൾക്ക് ചുറ്റും ബഫർ സോൺ**

2951 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ഡാമുകളോട് ചേർന്ന് ജലാശയങ്ങൾക്ക് സമീപം പരമാവധി ജലനിരപ്പിന് അരികിൽ നിന്നും ഇരുപത് മീറ്റർ ദൂരം വരെയുള്ള പ്രദേശം ബഫർ

സോൺ ആയി പ്രഖ്യാപിച്ചുകൊണ്ട് എല്ലാ പ്രവർത്തനങ്ങളും നിരോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ നിയമം കാരണം, നെയ്യാർ ഡാം ജലാശയം സ്ഥിതിചെയ്യുന്ന അമ്പൂരി, കള്ളിക്കാട് ഗ്രാമപ്പഞ്ചായത്തുകളിലെ നിരവധി കുടുംബങ്ങളുടെ ജീവിതം വഴിമുട്ടിയ അവസ്ഥയിലാണെന്ന കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) ഈ സാഹചര്യത്തിൽ ബഫർ സോൺ പ്രഖ്യാപനത്തിൽ ഇളവുകൾ നൽകി ഇവരുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾ

2952 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എം.വിജിൻ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾ പരിഷ്കരിക്കുന്നതിനും തീരദേശങ്ങൾ പരിപാലിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) തീരദേശ സംരക്ഷണത്തിനായി കിഫ്ബി സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) കേരളത്തിൽ സംയോജിത തീരദേശ പരിപാലനം എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ശില്പശാലയെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## ഭൂഗർഭജലശേഖരം പരിപോഷിപ്പിക്കാനുദ്ദേശിച്ചുള്ള പദ്ധതികൾ

2953 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭജലനിരപ്പിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളെക്കുറിച്ച് നിരീക്ഷിക്കുന്നതിനായി നിലവിലുള്ള സംവിധാനമെന്തെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഭൂഗർഭജലനിരപ്പിലുണ്ടായിട്ടുള്ള വ്യത്യാസം സംബന്ധിച്ച് ശേഖരിച്ചിട്ടുള്ള വിവരം വെളിപ്പെടുത്താമോ;

(സി) ഭൂഗർഭജലശേഖരം പരിപോഷിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ മുഖേന ഭൂഗർഭജലശേഖരത്തിലുണ്ടായ വ്യത്യാസം സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## വാമനപുരം മണ്ഡലത്തിൽ ഭൂജലവകുപ്പിന് കീഴിൽ നടപ്പാക്കിയ പദ്ധതികൾ

2954 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം വാമനപുരം മണ്ഡലത്തിൽ ഭൂജലവകുപ്പിന് കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) പുതുതായി എന്തെല്ലാം പദ്ധതികൾ മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

## <u>ജൽജീവൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ പൂർത്തീകരണം</u>

2955 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഭാഗമായി പൈപ്പ് സ്ഥാപിക്കാൻ ഗ്രാമീണ റോഡുകളിൽ ഉൾപ്പെടെ കുഴിയെടുത്തെങ്കിലും യഥാവിധി മൂടപ്പെടാത്തതിനാൽ പ്രാദേശിക റോഡുകൾ തകരാറിലാവുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കൂത്തുപറമ്പ് മണ്ഡലത്തിൽ പൈപ്പിടൽ പ്രവൃത്തി പൂർത്തിയാവാത്തതിനാൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള റോഡ് നവീകരണം അനിശ്ചിതമായി നീളുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ജൽജീവൻ മിഷൻ പ്രകാരമുള്ള മലമ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ</u>

2956 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പ്രകാരം മലമ്പുഴ പഞ്ചായത്തിലെ കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ എത്തിക്കുന്ന പ്രവൃത്തിയുടെ നിലിവിലെ സ്ഥിതി അറിയിക്കാമോ;

(ബി) മലമ്പുഴയിലേക്കും സമീപ പ്രദേശങ്ങൾക്കും ജലവിതരണം നടത്തുന്നതിനായി മലമ്പുഴയിൽ 3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണി നിർമ്മിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## <u>ജൽജീവൻ മിഷൻ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി</u>

2957 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ജൽജീവൻ പദ്ധതി നടത്തിപ്പിൽ സംസ്ഥാനം എത്രാമത്തെ സ്ഥാനത്താണ് നിലകൊള്ളുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## <u>മലമ്പുഴ മണ്ഡലത്തിൽ ജൽജീവൻ മിഷൻ നടത്തിവരുന്ന പ്രവൃത്തികൾ</u>

2958 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി ജൽജീവൻ മിഷൻ നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭാഗമായ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും വാട്ടർ ടാങ്കുകളുടെയും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## <u>ജൽജീവൻ മിഷൻ</u>

2959 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളാണ് ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടിപ്പെരിയാർ പഞ്ചായത്തിൽ എത്ര രൂപയുടെ പ്രവൃത്തികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കരാറുകാരൻ കരാർ ഏറ്റെടുത്ത് ഒന്നര വർഷമായിട്ടും പണികൾ ആരംഭിക്കാത്ത സാഹചര്യത്തിൽ കുറഞ്ഞ തുക ടെണ്ടർ എടുത്ത രണ്ടാമത്തെ വ്യക്തിക്ക് കരാർ കൈമാറി പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ജൽജീവൻ പദ്ധതിയിൽ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക</u>

2960 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയിൽ കരാറുകാർക്ക് നിലവിൽ നൽകാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2028-വരെ പദ്ധതിയുടെ കാലാവധി നീട്ടിയ സാഹചര്യത്തിൽ പ്രസ്തുത കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് സംസ്ഥാന വിഹിതമായി എത്ര തുകയാണ് കണ്ടെത്തേണ്ടതെന്നും പ്രസ്തുത തുക ഏത് രീതിയിൽ കണ്ടെത്തുവാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ജൽജീവൻ പദ്ധതിക്കായി നടപ്പ് വർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും എത്ര തുകയാണ് അനുവദിച്ചതെന്നും ഇതിൽ എത്ര തുകയാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് ഇനത്തിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>കാട്ടാക്കട മണ്ഡലത്തിലെ ജൽജീവൻ പദ്ധതി</u>

2961 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ അനന്തമായി നീണ്ടു പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മുക്കംപാലമൂട്-വലിയറത്തല റോഡ്, പോങ്ങുമൂട് അണപ്പാട് റോഡ്, മലയിൻ കീഴ്-മഞ്ചാടി റോഡ്, അന്തിയൂർക്കോണം-മുണ്ടകോണം റോഡ്, കുന്നിൻ പാറ-കുരുവിൻ മുകൾ -മഞ്ചേൽ റോഡ് എന്നീ റോഡുകളിലെ ജൽജീവൻ മിഷന്റെ പ്രവൃത്തികൾ ഏറ്റെടുത്ത കോൺട്രാക്ടർ, നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥർ, എഗ്രിമെന്റ് തീയതി, പൂർത്തീകരണ തീയതി എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) നിലവിലെ സാഹചര്യത്തിൽ പ്രസ്തുത സ്ഥലങ്ങളിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ?

## ജൽജീവൻ മിഷൻ, കിഫ്ബി കുടിവെള്ള പദ്ധതികൾ

2962 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ, കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ പ്രോജക്ട് ഡിവിഷൻ തിരിച്ചുള്ള ഭരണാനുമതി സംബന്ധിച്ച വിവരം, തുക, പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്നീ വിശദാംശം ലഭ്യമാകുമോ;

(ബി) ഡിവിഷൻ തലത്തിൽ നിലവിലുള്ള ഭരണാനുമതിക്കും ജോലിഭാരത്തിന്റെയും അടിസ്ഥാനത്തിൽ സ്റ്റാഫ് സ്ട്രങ്ങ്ത്ത് ശാസ്ത്രീയമായി പുനർവിന്യാസം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ജൽജീവൻ പദ്ധതികളിൽ ഉൾപ്പെടുന്ന പഞ്ചായത്ത് റോഡുകളിൽ പ്രവൃത്തികൾ പൂർത്തിയാകാത്തതിനാൽ പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങളെ ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) വിവിധ പ്രവൃത്തികളിൽ പി.ഡബ്ല്യു.ഡി. റോഡ് റീസ്റ്റോറേഷന് വേണ്ടി അടവാക്കിയ തുകകളുടെ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് ജില്ല തിരിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിക്കാറുണ്ടോ; ഇല്ലെങ്കിൽ ഇത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട്

2963 **ശ്രീ കടകംപള്ളി സുരേന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ടിന്റെ ഭാഗമായി നടന്നു വരുന്ന ബൈപ്പാസ് - കരിമണൽ സ്ട്രെച്ചിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പൂർത്തീകരണം സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) കഴക്കൂട്ടം മണ്ഡലത്തിൽ സ്വീവറേജ് പ്രവൃത്തികൾ എത്ര വാർഡുകൾ കേന്ദ്രീകരിച്ചാണ് നടന്നു വരുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്കാണ് ഈ പ്രോജക്ടിന്റെ ഗുണം

ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്വിവറേജ് പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

**കുണ്ടറ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

2964 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള കുടിവെള്ളപദ്ധതികൾ ഏതൊക്കെയെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും അവയുടെ നിലവിലെ പ്രവർത്തനപുരോഗതി എന്തെന്നും വിശദമാക്കാമോ?

**കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി**

2965 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ഭവനങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച വരുന്നത്; വിശദമാക്കുമോ?

**ആലപ്പുഴ മണ്ഡലത്തിലെ അമൃത് 2.0 പദ്ധതി**

2966 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച നഗരസഭ കുടിവെള്ള പദ്ധതിയുടേയും അനുബന്ധ പദ്ധതികളുടെയും നിലവിലെ സ്ഥിതി വിശമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

**ജൽജീവൻ മിഷൻ**

2967 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി ആരംഭിച്ച പല പ്രവൃത്തികളും ഭാഗികമായോ പൂർണമായോ മുടങ്ങിയിരിക്കുകയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

വിശദീകരിക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ റോഡിലൂടെ ജൽജീവൻ മിഷന്റെ പൈപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടും യഥാസമയം ഇവ സ്ഥാപിക്കാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ജൽജീവൻ മിഷനിൽ ഉൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതര വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കുമോ?

## <u>വർക്കല മണ്ഡലത്തിലെ കുടിവെള്ള വിതരണം</u>

2968 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ കുടിവെള്ള വിതരണം സുഗമമാക്കുന്നതിന് 2016 മുതൽ നാളിതുവരെ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും പുതിയ പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കുടിവെള്ള വിതരണ പദ്ധതികൾക്ക് ആവശ്യമായ ഭൂമി എത്ര സ്ഥലങ്ങളിൽ കണ്ടെത്തിയിട്ടുണ്ടെന്നും അവയിൽ ജലവിഭവ വകുപ്പിന് കൈമാറി കിട്ടിയ ഭൂമി എത്രയെന്നും വിശദമാക്കാമോ?

## <u>ജൽജീവൻ മിഷന്റെ പ്രവർത്തനം</u>

2969 **ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്യാൻ സാധിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) ഈ പദ്ധതി പൂർത്തിയാക്കാൻ എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും പ്രസ്തുത തുക എപ്രകാരം കണ്ടെത്താമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

## <u>മാവേലിക്കര മണ്ഡലത്തിൽ കുറത്തികാട് കുടിവെള്ള പദ്ധതി</u>

2970 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കുറത്തികാട് കുടിവെള്ള പദ്ധതി എന്നാണ് ആരംഭിച്ചതെന്നും പദ്ധതിയുടെ ആരംഭകാലം മുതൽ സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ പദ്ധതിയുടെ പൈപ്പ് ലൈൻ ഇടുന്നതിന് റെയിൽവേ ലൈനിന് മുകളിൽ സ്റ്റീൽ ബ്രിഡ്ജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവെയുടെയും ജലവിഭവ വകുപ്പിന്റെയും സംയുക്ത യോഗങ്ങൾ ചേർന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ സംസ്ഥാന സർക്കാർ വിഹിതവും ജൽജീവൻ മിഷൻ വിഹിതവും എത്രയെന്നും അറിയിക്കുമോ?

## <u>പൊതുടാപ്പുകളുടെ എണ്ണവും വെള്ളക്കരത്തിന്റെ കുടിശ്ശികയും</u>

2971 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതു ടാപ്പുകൾ ഉണ്ട് എന്ന വിഷയത്തിലും വാട്ടർ അതോറിറ്റിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് അടയ്ക്കാനുള്ള വെള്ളക്കരത്തിന്റെ കുടിശ്ശികയുടെ കാര്യത്തിലും വകുപ്പുകൾ തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം തർക്കം ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുടാപ്പുകൾക്ക് ജിയോ ടാഗ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പൊതു ടാപ്പുകളുടെ വിവരശേഖരണത്തിനായി എന്ത് മാർഗ്ഗമാണ് വകുപ്പ് ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വാട്ടർ അതോറിറ്റിയുടെ കണക്കുപ്രകാരം സംസ്ഥാനത്തുള്ള പൊതു ടാപ്പുകളുടെ എണ്ണവും വെള്ളക്കരമിനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അടയ്ക്കാനുള്ള കുടിശ്ശികയും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചു; വിശദമാക്കാമോ?

## <u>ജൽജീവൻ പദ്ധതി</u>

2972 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയുടെ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ള പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നുമുള്ള വിവരം ജില്ല തിരിച്ച് നൽകാമോ;

(ബി) ജൽജീവൻ പദ്ധതിയുടെ പ്രവൃത്തിയിൽ എത്ര കരാറുകാരാണ് ഏർപ്പെട്ടിട്ടുള്ളതെന്നും ഇവർക്ക് നൽകാനുള്ള കുടിശികയുടെ വിവരം ജില്ല തിരിച്ച് നൽകാമോ;

(സി) ജൽജീവൻ പദ്ധതിയുടെ പ്രവൃത്തികൾ നിലവിൽ മുടങ്ങിക്കിടക്കുകയാണോയെന്നും സാമ്പത്തിക പ്രതിസന്ധിയാണോ കാരണമെന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ 2250 കോടി രൂപ നൽകിയാലെ തുല്യമായ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂവെന്നതും കേന്ദ്ര വിഹിതംകൂടി സമാഹരിച്ചാലെ ജല അതോറിറ്റിക്ക്

കുടിശിക തീർക്കാനാകുവെന്നതും ശരിയാണോ; എങ്കിൽ സംസ്ഥാന സർക്കാർ തുക നൽകാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) 2028 നകം പദ്ധതി ലക്ഷ്യത്തിലെത്തിക്കാൻ എത്ര കോടി രൂപ സംസ്ഥാന വിഹിതമായി കണ്ടെത്തണമെന്ന് വ്യക്തമാക്കാമോ; 2025-26 ലെ സംസ്ഥാന ബജറ്റിൽ ഇതിനായി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

## ജല അതോറിറ്റി ജീവനക്കാരുടെ സൗജന്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

2973 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി ജീവനക്കാരുടെ സൗജന്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജീവനക്കാർക്ക് ലഭ്യമാകേണ്ട മെഡിക്കൽ ആനുകൂല്യത്തിൽ നിന്നും 50% തുക പ്രീമിയം ആയി മാറ്റിവെച്ച് 2014-ൽ നടപ്പാക്കിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നിർത്തലാക്കാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ജീവനക്കാരിൽ നിന്ന് പ്രീമിയം ഈടാക്കുന്ന സാഹചര്യത്തിൽ പദ്ധതിയിൽ എന്തൊക്കെ വ്യത്യാസങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ; തൊഴിലുടമ വിഹിതമായി വാട്ടർ അതോറിറ്റി വിഹിതം നൽകുമോ; വിശദാംശം നൽകുമോ?

## ജലജീവൻ പദ്ധതിക്കായി കുഴിയെടുത്ത റോഡുകളുടെ പുനരുദ്ധാരണം

2974 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള എത്ര കിലോമീറ്റർ റോഡുകളിൽ കുഴിയെടുത്തിരുന്നു എന്ന വിവരം നൽകാമോ;

(ബി) ഇതിൽ എത്ര കിലോമീറ്റർ റോഡുകൾ ജലവിഭവ വകുപ്പ് നേരിട്ട് പുനരുദ്ധരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ബാക്കിയുള്ള റോഡുകൾ എന്നത്തേക്ക് പുനരുദ്ധരിക്കുമെന്ന് അറിയിക്കുമോ?

## കേരള വാട്ടർ അതോറിറ്റിയിലെ പ്ലംബർ തസ്തികയുടെ പുനർനാമകരണം.

2975 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ പ്ലംബർ തസ്തിക പുനർനാമകരണം ചെയ്യണമെന്ന പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശ നടപ്പിലാക്കിയിട്ടുണ്ടോയെന്നും പ്രസ്തുത പുനർനാമകരണം ജല അതോറിറ്റിയ്ക്ക് സാമ്പത്തിക ബാധ്യത വരുത്തുന്നതാണോയെന്നും അറിയിക്കാമോ;

(ബി) പതിനൊന്നാം ശമ്പള കമ്മീഷൻ ജല അതോറിറ്റിയിലെ എത്ര തസ്തികകൾ പുനർനാമകരണം ചെയ്യണമെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും നിലവിൽ എത്ര

തസ്തികകൾ പുനർനാമകരണം നടത്തിയിട്ടുണ്ടെന്നും പുനർനാമകരണ പ്രക്രിയ എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ;

(സി) കേരള ജല അതോറിറ്റിയിൽ ടെക്നിക്കൽ സെപ്ഷ്യൽ റൂൾ ഉത്തരവായപ്പോൾ എത്ര തസ്തികയുടെ പേര് പുനർനാമകരണം നടത്തിയിട്ടുണ്ടെന്നും അപ്രകാരം നിലവിലെ തസ്തികൾക്ക് നൽകിയ പുതിയ പേരെന്തെന്നും വിശദമാക്കാമോ?

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ</u>**

2976 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ ശുദ്ധജല വിതരണ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ജൽജീവൻ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

**<u>കൈപ്പമംഗലം മണ്ഡലത്തിലെ ജൽജീവൻ മിഷൻ</u>**

2977 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ ജൽജീവൻ മിഷൻ പ്രകാരം എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കണക്ഷനുകളാണ് ഈ മണ്ഡലത്തിൽ നൽകുന്നതെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കണക്ഷനുകളാണ് നാളിതുവരെ നൽകിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഇനി എത്ര കണക്ഷൻ കൂടി നൽകുവാനുണ്ടെന്നും ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും പഞ്ചായത്ത് തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ?

**<u>കാട്ടാക്കട മണ്ഡലത്തിലെ റോഡുകളുടെ റീസ്റ്റൊറേഷൻ പ്രവൃത്തികൾ</u>**

2978 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ ജല അതോറിറ്റി റീസ്റ്റൊറേഷൻ പ്രവൃത്തി നിർവഹിക്കുന്ന മലയിൻകീഴ്-പാപ്പനംകോട് റോഡിന്റെയും വിളവൂർക്കൽ-പിടാരം റോഡിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കും എന്നത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ?

**<u>വണ്ടൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

2979 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് തുക അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

**മങ്കട മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾ**

2980 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നടന്നുവരുന്ന വിവിധ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്; ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയാണ്; ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കുമോ; അതിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പരിഗണനയിലുള്ളതും അടിയന്തരമായി നടപ്പിലാക്കേണ്ടതാണെന്ന് വകുപ്പ് വിലയിരുത്തിയിട്ടുള്ളതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**രാമപുരം കുടിവെള്ള പദ്ധതി**

2981 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ മലങ്കര ഡാമിനെ സ്രോതസ് ആക്കിയുള്ള രാമപുരം കുടിവെള്ള പദ്ധതി, ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

**പാലാ മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ**

2982 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജലജീവൻ പദ്ധതി പ്രകാരം ആരംഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി**

2983 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ, ഇനി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ എന്നിവയുടെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണെന്നും ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് എന്നത്തേയ്ക്ക് നാടിന് സമർപ്പിക്കാനാകും എന്ന് അറിയിക്കുമോ?

## മുനമ്പം ഭാഗത്ത് സ്ഥാപിക്കുന്ന ഡീസാലിനേഷൻ പ്ലാന്റ്

2984 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ മുനമ്പം ഭാഗത്ത് ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

2985 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിയും നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## ചാലക്കുടിയിലെ ജലജീവൻ പദ്ധതി പ്രവർത്തനങ്ങൾ

2986 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിൽ നാളിതുവരെ പദ്ധതിയുടെ എത്ര ശതമാനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ;

(സി) മണ്ഡലത്തിലെ പലയിടങ്ങളിലും പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി മാസങ്ങളായി നിലച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് വെട്ടിപ്പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ഇ) നിലവിൽ പൈപ്പുകൾ സ്ഥാപിച്ച് കഴിഞ്ഞ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ?

## കുടിവെള്ള സംഭരണി നിർമ്മാണം

2987 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ജലജീവൻ പദ്ധതി പ്രകാരമുള്ള കുടിവെള്ള സംഭരണി നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കുടിവെള്ള സംഭരണി നിർമ്മാണ സ്ഥലത്തേക്ക് റോഡ് നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മലപ്പുറം മണ്ഡലത്തിലെ ജൽജീവൻ മിഷൻ

2988 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന ജൽജീവൻ മിഷൻ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇതിനകം എത്ര ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ;

(സി) പൂക്കോട്ടൂർ-മൊറയൂർ-പുൽപറ്റ സമഗ്ര കുടിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ഡി) ആനക്കയം പഞ്ചായത്തിലെ ഇരുമ്പുഴി കരുമഞ്ചേരി പറമ്പ് കുടിവെള്ള പദ്ധതി, കോഡൂർ കാലമ്പറമ്പ് കുടിവെള്ള പദ്ധതി എന്നിവ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## ആതവനാട് പഞ്ചായത്തിലെ മലയിൽഭാഗത്ത് കുടിവെള്ള സംഭരണിയുടെ നിർമ്മാണം

2989 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി കുറ്റിപ്പുറം, ആതവനാട്, മാറാക്കര പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉന്നതതല ജല സംഭരണി ആതവനാട് പഞ്ചായത്തിലെ മലയിൽഭാഗത്ത് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>പേരാമ്പ്ര മണ്ഡലത്തിലെ ജലജീവൻ പ്രവൃത്തികൾ</u>**

2990 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ജലജീവൻ പ്രവൃത്തികളുടെ പുരോഗതി ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും പദ്ധതി എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

**<u>കഴക്കൂട്ടം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>**

2991 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മണ്ഡലത്തിലെ കൊടിക്കുന്ന് കുടിവെള്ള പ്രോജക്ട്, കാട്ടായിക്കോണം-ചന്തവിള-കഴക്കൂട്ടം കുടിവെള്ള പ്രോജക്ട്, പേരൂർക്കട-മൺവിള കുടിവെള്ള വിതരണ മെയിൻ ലൈൻ പ്രോജക്ട് എന്നിവയുടെ നിലവിലെ സ്ഥിതിയും പൂർത്തീകരണവും സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ അമൃത്-2 പദ്ധതി പ്രകാരം നൽകിയിട്ടുള്ള സൗജന്യ കുടിവെള്ള കണക്ഷൻ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>നെയ്യാറ്റിൻകര മണ്ഡലത്തിൽ ജലജീവൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ</u>**

2992 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതി പ്രകാരം നെയ്യാറ്റിൻകര മണ്ഡലത്തിലെ അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>പരവൂർ നഗരസഭ, പൂതക്കുളം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ കുടിവെള്ളപദ്ധതി</u>**

2993 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭ, പൂതക്കുളം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ പുതിയ കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയ്ക്കാവശ്യമായ തടയണ നിർമ്മിക്കുന്നതിനുള്ള ജലസേചന വകുപ്പിന്റെ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്നും ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്നും അറിയിക്കുമോ; ആയതിന്റെ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## കോട്ടക്കൽ, വളാഞ്ചേരി നഗരസഭകളിലെ കുടിവെള്ള പദ്ധതികൾ

2994 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ, വളാഞ്ചേരി നഗരസഭകളിലെ കുടിവെള്ള പദ്ധതികളുടെ ഭാഗമായി ഗാർഹിക കണക്ഷൻ നൽകൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ; ഭരണാനുമതി ലഭ്യമാക്കുവാൻ അവശേഷിക്കുന്ന പ്രൊപ്പോസലുകൾക്ക് ആയത് ലഭ്യമാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഭരണാനുമതി ലഭ്യമായ പ്രൊപ്പോസലുകളിലെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## തളിപ്പറമ്പ് മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതി

2995 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിൽ ജലവിഭവ വകുപ്പിൽനിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും എക്സിക്യൂഷൻ ഷെഡ്യൂൾ ലഭ്യമാക്കാമോ?

## കുണ്ടറ നിയോജകമണ്ഡലത്തിലെ ഫിഷറീസ് പദ്ധതികൾ

2996 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 വരെ കുണ്ടറ നിയോജകമണ്ഡലത്തിലേയ്ക്കായി അനുവദിച്ച റോഡ് പ്രവൃത്തികൾ ഒഴികെയുള്ള ഫിഷറീസ് പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും നിലവിലത്തെ പ്രവർത്തന പുരോഗതിയെന്തെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

2997 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ ഇതുവരെ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിയതെന്നും എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) തീരദേശവികസന കോർപ്പറേഷൻ മുഖേന ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾ നടന്നുവരുന്നുവെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ;

(സി) മണ്ഡലത്തിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ ഏതൊക്കെ ആരംഭിക്കാനുണ്ടെന്ന വിവരവും കാലതാമസം നേരിടുന്നതിന്റെ കാരണവും വ്യക്തമാക്കാമോ?

## കയ്പമംഗലം മണ്ഡലത്തിലെ മത്സ്യബന്ധന വകുപ്പിന്റെ പദ്ധതികൾ

2998 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവുകളിൽ കയ്പമംഗലം മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെയും ചുമതലയിൽ ഏതെല്ലാം വികസന പദ്ധതികൾക്കാണ് അനുമതി നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിലെ അഴീക്കോട് റീജിയണൽ ചെമ്മീൻ ഹാച്ചറിയുടെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ഡി) അഴീക്കോട് പൊമ്പാനോ ഹാച്ചറിയുടെ നിലവാരം ഉയർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

2999 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ.;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇടുക്കി ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദമാക്കാമോ;

(സി) പീരുമേട് മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികളായി രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട് മണ്ഡലത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം

3000 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ അപകടങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ ഫലപ്രദമായ രക്ഷാപ്രവർത്തനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിനായി മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം നേടിയ മത്സ്യത്തൊഴിലാളികളുടെ തുടർസേവനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) കഴിഞ്ഞ ബജറ്റിൽ ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## സീപ്ലെയിൻ പദ്ധതി മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ

3001 **ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദിഷ്ട സീപ്ലെയിൻ പദ്ധതിയെ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കുള്ള ആശങ്കകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കാലാവസ്ഥാ വ്യതിയാനവും വർദ്ധിച്ച മാലിന്യ പ്രശ്നങ്ങളും മൂലം അനുദിനം കുറഞ്ഞുവരുന്ന ഉൾനാടൻ മത്സ്യ സമ്പത്തിന്റെ സുസ്ഥിരത നിലനിർത്തുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(സി) സംസ്ഥാനത്ത് കായലുകളിലും തടാകങ്ങളിലും ടൂറിസം വികസനത്തിന്റെ ഭാഗമായി സീപ്ലെയിൻ ലാൻഡ് ചെയ്യുന്ന സാഹചര്യത്തിൽ മത്സ്യ സമ്പത്തിന്റെ പ്രജനന കേന്ദ്രങ്ങളുടെ നിലനിൽപ്പിനെയും മറ്റു ജലജീവികളുടെ സുസ്ഥിരതയെയും അതിജീവനത്തേയും ബാധിക്കുമോ എന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) സീപ്ലെയിൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് മത്സ്യത്തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ

3002 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ജോലിക്കിടെ അപകടം മൂലം പരിക്കു പറ്റുന്ന തൊഴിലാളികളുടെ ചികിത്സയ്ക്കും മരണപ്പെടുന്ന തൊഴിലാളികളുടെ കുടുംബത്തിന് മരണാനന്തര ധനസഹായം നൽകുന്നതിനും പ്രത്യേക പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ഏലൂരിൽ രാസമാലിന്യം മൂലമുള്ള മത്സ്യക്കുരുതിക്ക് നഷ്ടപരിഹാരം

3003 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ ഏലൂരിൽ പെരിയാറിലേയ്ക്ക് രാസമാലിന്യം ഒഴുക്കിയത് മൂലമുള്ള മത്സ്യക്കുരുതിയിൽ നഷ്ടം സംഭവിച്ച മത്സ്യക്കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) രാസമാലിന്യം ഒഴുക്കിയ കമ്പനിയെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടം ഈ കമ്പനിയിൽനിന്ന് ഈടാക്കി നൽകാൻ തയ്യാറാണോയെന്ന് വ്യക്തമാക്കാമോ?

## പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

3004 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിതമല്ലാത്ത യാനങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിത യന്ത്രവത്കൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടേയും മത്സ്യബന്ധന യാനങ്ങളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനായി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ

3005 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൂഞ്ഞാർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## മത്സ്യത്തൊഴിലാളികൾക്കായി സാമൂഹ്യ സുരക്ഷാ പദ്ധതി

3006 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് നിലവിലുള്ളത്; മത്സ്യബന്ധന വകുപ്പ് നേരിട്ടും, ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് തുടങ്ങിയ വിവിധ ഏജൻസികൾ മുഖേനയും നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയിലും വിവിധ ആനുകൂല്യങ്ങൾ നിലവിൽ എത്ര വീതം കുടിശ്ശിക ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

3007 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. ഐ. ബി. സതീഷ്**

**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കമ്മീഷൻ നാളിതുവരെ എത്ര രൂപ കടാശ്വാസമായി അനുവദിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(സി) കമ്മീഷന്റെ തുടർപ്രവർത്തനം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം തുടർപ്രവർത്തനങ്ങളാണ് കമ്മീഷൻ ഏറ്റെടുക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

## കൊയ്പ്പാടി വില്ലേജിൽ നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതി

3008 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കൊയ്പ്പാടി വില്ലേജിൽ നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ തീയതി എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## സമുദ്രാതിർത്തിക്കുള്ളിലെ മണൽ ഖനനം

3009 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്രാതിർത്തിക്കുള്ളിലെ മണൽ ഖനനം ചെയ്യുന്ന പദ്ധതി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി നിലവിലുള്ള സർക്കാരിന്റെ കാലയളവിൽ കേന്ദ്ര ഖനിമന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാകുമോ;

(ബി) മേൽപ്പറഞ്ഞ കത്തിൽ സ്വീകരിച്ച നിലപാടിന് വിരുദ്ധമായി ഖനനത്തിനുള്ള ടെൻഡർ നടപടിക്കായി 2025 ജനുവരിയിൽ കേന്ദ്രമന്ത്രാലയം കൊച്ചിയിൽ സംഘടിപ്പിച്ച ശില്പശാലയിൽ സർക്കാർ പ്രതിനിധിയെ അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് സർക്കാരിനെ പ്രതിനിധീകരിച്ച് പങ്കെടുത്തത്; വ്യക്തമാക്കാമോ ;

(സി) സമുദ്രാതിർത്തിക്കുള്ളിലെ മണൽ ഖനന വിഷയത്തിൽ ഇപ്രകാരമുള്ള നിലപാട് വ്യത്യാസം ഉണ്ടായതെന്ന് ഏതു സാഹചര്യത്തിൽ ആണെന്ന് വ്യക്തമാക്കുമോ?

## സമുദ്രമത്സ്യ സമ്പത്തിൽ കുറവ്

3010 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-2023 വർഷത്തെ അപേക്ഷിച്ച് 2023-2024 വർഷം സമുദ്രമത്സ്യ സമ്പത്തിൽ കുറവ് നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മത്സ്യസമ്പത്തിന്റെ കുറവിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കാലാവസ്ഥാവ്യതിയാനം ഇതിനുള്ള കാരണമായിട്ടുണ്ടെങ്കിൽ എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് വകുപ്പ് മുഖേന നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി</u>**

3011 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ളവയാക്കി മാറ്റാനായി തെരഞ്ഞെടുത്ത കേരളത്തിലെ തീരദേശ ഗ്രാമങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ തീരദേശ ഗ്രാമങ്ങൾ ഏതൊക്കെയെന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>പുനർഗേഹം പദ്ധതി</u>**

3012 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതി പ്രകാരം കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ:;

(ബി) പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ലൈഫ് ഭവനപദ്ധതിയിലൂടെ നാളിതുവരെ സംസ്ഥാനത്ത് എത്ര മത്സ്യ തൊഴിലാളികൾക്ക് വീട് ലഭിച്ചിട്ടുണ്ട്</u>**

3013 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് ഭവനപദ്ധതിയിലൂടെ നാളിതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് വീട് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യതൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും അപകട ഇൻഷുറൻസ് ഇപ്പോൾ എത്രയായി ഉയർത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

**<u>പുനർഗേഹം പദ്ധതി</u>**

3014 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഫ്ലാറ്റുകളുടെ നിർമ്മാണം കരാർ കമ്പനിക്ക് കുടിശിക വരുത്തിയതിനാൽ നിലച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ</u>**

3015 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം സഹായ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

**<u>കുത്തകകളുടെ സമുദ്രാധിപത്യത്തിൽ മത്സ്യമേഖലയിലെ ആശങ്ക</u>**

3016 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി കാനത്തിൽ ജമീല** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-ൽ കടലിൽ നിന്നുള്ള ധാതു സമ്പത്തുകളുടെ വികസനവും നിയന്ത്രണവും നിയമം/ഓഫ്ഷോർ ഏരിയ മിനറൽ ഡെവലപ്പ്മെന്റ് ആൻഡ് റെഗുലേഷൻ (ഒ.എ.എം.ഡി.ആർ.) ആക്ട് 2002-ന് 2023-ലെ ഭേദഗതിയിലൂടെ വരുത്തിയ പ്രധാന മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ വ്യക്തികളും, ബഹുരാഷ്ട്ര കുത്തക കമ്പനികളും കടലിൽ ആധിപത്യം സ്ഥാപിക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>തിരൂർ മണ്ഡലത്തിലെ പറവണ്ണയിൽ ഫിഷറീസ് ഹാർബർ</u>**

3017 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ പറവണ്ണയിൽ ഫിഷറീസ് ഹാർബർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലത്ത് ഫിഷറീസ് ഹാർബർ നിർമ്മിക്കുന്നതിന് തടസങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ?

## നെയ്യാറ്റിൻകര തീരപ്രദേശ വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച ഫണ്ട്

3018 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ തീരപ്രദേശ വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച ഫണ്ട് എത്രയെന്ന് വിശദമാക്കാമോ;

(ബി) ഓരോ സാമ്പത്തിക വർഷത്തെയും ഓരോ പ്രവൃത്തിയുടെയും പേരും അനുവദിച്ച തുകയും വ്യക്തമാക്കാമോ?

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കണ്ണൂർ ജില്ലയിലെ പദ്ധതികൾ

3019 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം; മണ്ഡലം തിരിച്ച് വിശദാംശം നൽകാമോ;

(ബി) പ്രസ്തുത വകുപ്പ് മുഖേന റോഡുകളുടെ നവീകരണം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

## പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ

3020 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## കോഴിക്കോട് ജില്ലയിൽ തീരദേശ റോഡുകളുടെ വികസനം

3021 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തീരദേശ വികസന വകുപ്പ് ഫണ്ട് ഉപയോഗിച്ച് എത്ര റോഡുകൾ നവീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് സൗത്ത് മണ്ഡല പരിധിയിൽ തീരദേശ റോഡുകളുടെ വികസനത്തിന് ചിലവഴിച്ച തുക എത്ര; വിശദമാക്കാമോ?

## മത്സ്യഗ്രാമം പദ്ധതി

3022 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ വി ജോയി**
**ശ്രീ. കെ. ജെ. മാക്സി**

**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ധനസഹായത്താൽ തീരദേശവികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന മത്സ്യഗ്രാമം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്; ഇതിന് ആവശ്യമായ കേന്ദ്രസഹായം പൂർണ്ണമായും ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ മത്സ്യ ഭവൻ

3023 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ മത്സ്യ ഭവൻ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## അന്തിപ്പച്ച പദ്ധതി

3024 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അന്തിപ്പച്ച പദ്ധതിയുടെ ഭാഗമായി വാഹനം വാങ്ങുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് വാഹനം നിരത്തിലിറക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാൻ നടപടി

3025 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് മത്സ്യലഭ്യത കുറഞ്ഞു വരുന്നത് മത്സ്യബന്ധന മേഖലയെ ദോഷകരമായി ബാധിച്ചതായി കരുതുന്നുണ്ടോ; ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) അനിയന്ത്രിതമായി ചെറുമത്സ്യങ്ങളെ ഉൾപ്പെടെ പിടിക്കുന്നത് ഇതിനു കാരണമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കടലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## മത്സ്യങ്ങളുടെ ഗുണനിലവാരം

3026 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യങ്ങളുടെ ഗുണനിലവാരം മനസ്സിലാക്കുന്നതിനും മായം ചേർത്തിട്ടുണ്ടോ യെന്ന് പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനും വേണ്ടി വികസിപ്പിച്ചെടുത്ത സ്ട്രിപ്പുകൾ പൊതു വിപണിയിൽ ലഭ്യമല്ലാത്ത സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ട്രിപ്പുകൾ പൊതുവിപണിയിൽ ലഭ്യമാക്കുന്നതിനും അതുവഴി മായം ചേർത്ത മത്സ്യങ്ങൾ ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ നിന്ന് പൊതുസമൂഹത്തെ ഒഴിവാക്കുന്നതിനുമായി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ ?

## മത്സ്യഗ്രാമം പദ്ധതി

3027 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ വില്ലേജായി തിരഞ്ഞെടുത്ത ചാവക്കാട് നഗരസഭയിലെ ബ്ലാങ്ങാട് മത്സ്യഗ്രാമം, ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ ഏങ്ങണ്ടിയൂർ മത്സ്യഗ്രാമം എന്നീ പദ്ധതികളുടെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മത്സ്യവിപണനം പ്രോത്സാഹിപ്പിക്കലും ഗുണനിലവാരം ഉറപ്പാക്കലും

3028 **ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മത്സ്യവിപണനം പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മത്സ്യഫെഡും സ്വകാര്യ സംരംഭകരും മുഖേന ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യ വിപണനത്തിന് എത്ര ഔട്ട് ലെറ്റുകൾക്കാണ് സർക്കാർ ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ മത്സ്യ വിപണനത്തിനായി എത്ര ഗുണഭോക്താക്കൾക്ക് ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## പാലക്കോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണം

3029 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന പാലക്കോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ നവീകരിക്കാനുള്ള നടപടി പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**മാർക്കറ്റുകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

3030 **ശ്രീ. പി. നന്ദകുമാർ**

**ശ്രീ. എച്ച്. സലാം**

**ശ്രീ. കെ.വി.സുമേഷ്**

**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റേയും കിഫ്ബിയുടേയും ധനസഹായത്താൽ സംസ്ഥാനത്ത് മാർക്കറ്റുകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ മാർക്കറ്റുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടും പൂർണ്ണമായും പ്രവർത്തിക്കാത്ത മാർക്കറ്റുകളെ പ്രവർത്തനക്ഷമമാക്കുന്നതിന്എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**വക്കം മങ്കുഴി മൽസ്യമാർക്കറ്റ് വികസനം**

3031 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വക്കം മങ്കുഴി മൽസ്യമാർക്കറ്റിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസനപ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

**ഫിഷ് മാർക്കറ്റിന്റെ നവീകരണം**

3032 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഫിഷ് മാർക്കറ്റ് നവീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഈ വർഷം അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി പ്രസ്തുത മാർക്കറ്റ് ആധുനിക രീതിയിൽ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**കൊല്ലം പരപ്പിൽ തീരക്കടലിൽ ധാതുമണൽ ഖനനം**

3033 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡോ നോർവിജിയൻ പ്രോജക്റ്റിന്റെ ഭാഗമായി 1961 മുതൽ 1965 വരെ നടത്തിയ ഗവേഷണത്തിൽ കേരളത്തിൽ കണ്ടെത്തിയിട്ടുള്ള ഏഴ് ഫിഷിങ് ഗ്രൗണ്ടുകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇന്ത്യയിലെ ഏറ്റവും വലിയ മത്സ്യബന്ധന കേന്ദ്രങ്ങളിൽ ഒന്നായ കൊല്ലം പരപ്പിലെ പ്രത്യേകതകൾ എന്തൊക്കെയാണ്; ഇവിടെ നിന്നും പ്രധാനമായി ലഭിക്കുന്ന മത്സ്യ ഇനങ്ങൾ ഏതൊക്കെയാണ്; കൊല്ലം പരപ്പ് മേഖല മത്സ്യസമ്പുഷ്ടമാകാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) തീരക്കടലിൽ ധാതുമണൽ ഖനനത്തിന്റെ ഭാഗമായി കൊല്ലം പരപ്പിൽ ഖനനം നടത്തിയാൽ മേൽപ്പറഞ്ഞ മത്സ്യ സമ്പത്തിനെ ഏത് രീതിയിൽ ബാധിക്കുമെന്ന് പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഖനനം ഒഴിവാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## ആഴക്കടലിലും തീരക്കടലിലുമുള്ള കേന്ദ്രസർക്കാരിന്റെ മണൽ ഖനനം

3034 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആഴക്കടലിലും തീരക്കടലിലും മണൽ ഖനനം നടത്തുന്നതിനുള്ള കേന്ദ്രസർക്കാർ തീരുമാനം സംസ്ഥാനത്തിന്റെ അധികാരങ്ങളിലേക്കുള്ള കടന്നുകയറ്റമാണ് എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) എങ്കിൽ നിയമപരമായി ഈ വിഷയത്തെ നേരിടാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കടൽ മണൽ ഖനനം

3035 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിൽ കേന്ദ്രനയത്തിന്റെ ഭാഗമായി കടൽ മണൽ ഖനനത്തിന് അനുമതി നൽകിയിരിക്കുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളെ ഇത് എങ്ങനെ ബാധിക്കുമെന്ന് വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

3036 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ; അവയുടെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## വർക്കല ജി.എൻ.പി.എസ്സ്.-ന് പുതിയ കെട്ടിടം

3037 **ശ്രീ വി ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം,

യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ നിർവഹണ ഏജൻസിയായിട്ടുള്ള വർക്കല ജി.എൽ.പി.എസ്സ്.-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പുന:ക്രമീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ പുലിമുട്ട് നിർമ്മാണം

3038 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയുള്ള പുലിമുട്ട് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ

3039 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ജവഹർ ബാലഭവന്റെ ഓരോ കേന്ദ്രത്തിലുമുള്ള ജീവനക്കാരുടെ തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേരള സ്റ്റേറ്റ് ജവഹർ ബാലഭവന്റെ ഓരോ കേന്ദ്രത്തിലെയും പെൻഷൻകാരുടെ വിവരം പ്രതിമാസ പെൻഷൻ തുക ഉൾപ്പെടെ ലഭ്യമാക്കാമോ;

(സി) സാംസ്കാരിക വകുപ്പ് മുഖേന ഏർപ്പെടുത്തിയിട്ടുള്ള സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതിയിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ;

(ഡി) കേരള സ്റ്റേറ്റ് ജവഹർ ബാലഭവനിൽ നിന്നും വിരമിക്കുന്നവരെ സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

## തോപ്പിൽ ഭാസി സ്മാരക ഓഡിറ്റോറിയം നിർമ്മാണം

3040 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരത്ത് തോപ്പിൽ ഭാസി സ്മാരക ഓഡിറ്റോറിയത്തിന്റെ നിർമ്മാണത്തിനായി ആകെ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ ആദ്യ ഘട്ടത്തിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഓഡിറ്റോറിയത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾക്കുള്ള തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, പദ്ധതിയുടെ പ്രവർത്തന പുരോഗതി,

എന്നത്തേയ്ക്ക് ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയും എന്നിവ സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കാമോ?

**<u>കാസർഗോഡ് ജില്ലയ്ക്ക് സാംസ്കാരിക വകുപ്പ് അനുവദിച്ച തുക</u>**

3041 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒൻപത് വർഷം സാംസ്കാരിക വകുപ്പ് കാസർഗോഡ് ജില്ലയ്ക്കനുവദിച്ച തുക എത്രയാണെന്ന് മണ്ഡലവും പ്രവൃത്തിയും തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ തുകയിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് മണ്ഡലവും പ്രവൃത്തിയും തിരിച്ച് വ്യക്തമാക്കാമോ;

(സി) വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കയ്യാർ കിഞ്ഞണ്ണറൈ, ടി. ഉബൈദ് എന്നീ കവികളുടെ പേരിൽ ഗവേഷണ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് സാംസ്കാരിക വകുപ്പ് തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഏത് സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ;

(ഇ) അനുവദിച്ച തുക വിനിയോഗിച്ച് എന്തെങ്കിലും പ്രവൃത്തികൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

**<u>ശില്പോദ്യാനം നിർമ്മിക്കുന്നതിനുള്ള പദ്ധതി</u>**

3042 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ചെപ്പാറ റോക്ക് ഗാർഡനിൽ കേരള ലളിതകലാ അക്കാഡമിയുടെ സഹായത്തോടെ ശില്പോദ്യാനം നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; ഇത്തരത്തിൽ ഒരു ശില്പോദ്യാനം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

**<u>നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ</u>**

3043 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2025 വർഷത്തിൽ സാംസ്കാരിക വകുപ്പ് ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത് എന്ന് വിശദമാക്കാമോ; ഭരണാനുമതി പ്രകാരം എത്ര തുകയാണ് അനുവദിച്ചത് എന്ന് വിശദമാക്കാമോ?

**<u>ക്രൂരകൃത്യങ്ങൾ അവതരിപ്പിക്കുന്ന സിനിമാരംഗങ്ങൾ</u>**

3044 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൂരകൃത്യങ്ങൾ നിസ്സാരമായി അവതരിപ്പിക്കുന്ന സിനിമാരംഗങ്ങൾ കുട്ടികളിൽ അക്രമവാസനയും ക്രൂര മനോഭാവവും ലഹരിയോട് ആസക്തിയും വളർത്തുന്നുവെന്ന

വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സെൻസർ ബോർഡിൽ തങ്ങളുടെ പ്രതിനിധിയെ ഉൾപ്പെടുത്തണമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് സാംസ്കാരിക വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) സിനിമകൾ, സോഷ്യൽ മീഡിയ തുടങ്ങിയവ കുട്ടികളിൽ അക്രമവാസനയും ലഹരിയോടുള്ള ആസക്തിയും വളർത്തുന്ന രീതിയിൽ സ്വാധീനം ചെലുത്തുന്നതായിപറയപ്പെടുന്ന സാഹചര്യത്തിൽ സാംസ്കാരിക വകുപ്പ് എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## <u>ഹേമ കമ്മിറ്റി റിപ്പോർട്ട്</u>

3045 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എത്ര കേസുകളിൽ പരാതിക്കാർ മൊഴി നൽകിയിട്ടുണ്ട്; എത്ര കേസുകളിൽ കുറ്റപത്രം നൽകി; പരാതിക്കാർ മൊഴി നൽകാത്തതിനെ തുടർന്ന് എത്ര കേസുകൾ അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## <u>അബ്ദുറഹ്മാൻ സാഹിബ് സാംസ്കാരിക സമുച്ചയവും മോയിൻകുട്ടി വൈദ്യർ സ്കൂൾ ഓഫ് മാപ്പിള ആർട്സും</u>

3046 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദുറഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ 39.67 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടുള്ളത് എവിടെയാണെന്നും പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ; വിശദമാക്കുമോ;

(ബി) സാംസ്കാരിക സമുച്ചയത്തിനായി ഏറനാട് താലൂക്കിൽ അര ഏക്കർ ഭൂമി കൂടി കൈമാറുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ നാലര ഏക്കറിൽ തന്നെ പദ്ധതി ആരംഭിക്കുവാൻ നിർദേശം നൽകുമോ;

(സി) മണ്ഡലത്തിൽ മോയിൻകുട്ടി വൈദ്യർ സ്മാരക സ്കൂൾ ഓഫ് മാപ്പിള ആർട്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## <u>നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതി</u>

3047 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പദ്ധതിക്ക് ആവശ്യമായ വിശദമായ പദ്ധതിരേഖ തയ്യാറാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## ചേറ്റുവയിൽ രാമുകാര്യാട്ട് സിനിമ തിയേറ്ററിന്റെ നിർമ്മാണം

3048 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ചേറ്റുവയിൽ രാമുകാര്യാട്ട് സിനിമ തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത തിയേറ്റർ നിർമ്മാണത്തിന് കുറഞ്ഞത് എത്ര ഏക്കർ സ്ഥലം ആവശ്യമുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ തിയേറ്റർ നിർമ്മിക്കുന്നുണ്ടെന്നും അവയോരോന്നിന്റെയും ഭരണാനുമതി തുക എത്രയാണെന്നും വിശദമാക്കാമോ;

(ഡി) ചേറ്റുവയിലെ റവന്യൂഭൂമി തിയേറ്റർ നിർമ്മിക്കുന്നതിനായി കൈമാറിക്കിട്ടുന്നതിന് സാംസ്കാരിക വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള നടപടി

3049 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിലെ പരാതികൾ കേൾക്കാനും പരിഹാരം കാണുന്നതിനും പ്രത്യേക ട്രൈബ്യൂണൽ സ്ഥാപിക്കണമെന്ന ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## യുവാക്കളിലെ ആക്രമണ പ്രവണതകൾ സംബന്ധിച്ച പഠനം

3050 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളിൽ തീവ്രമായി പ്രകടമായിക്കൊണ്ടിരിക്കുന്ന അക്രമവാസനകൾ, ആത്മഹത്യാ പ്രവണതകൾ, മനോനിലയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് യുവജനക്ഷേമ ബോർഡോ സർക്കാരോ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) കുടുംബത്തിലും സമൂഹത്തിലും അക്രമങ്ങളിൽ പങ്കാളികളാകുന്നതിലേക്ക് നയിക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് പഠിച്ച് അതിൽ നിന്ന് യുവാക്കളെ പിന്തിരിപ്പിക്കുന്നതിന് ആവശ്യമായ കർമ്മ പദ്ധതികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) മയക്കുമരുന്ന്, മദ്യം, ഡിജിറ്റൽ മീഡിയകളുടെ അമിത ഉപയോഗം, സിനിമകളിലെ അക്രമ സീനുകളുടെ അതിപ്രസരം എന്നിവ അക്രമവാസനകൾക്ക് പ്രചോദനമാകുന്നുണ്ടോ എന്ന് വിലയിരുത്തി യുവതലമുറയെ ഇത്തരം

മാനസികാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് കർമ്മപദ്ധതികൾ അവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>യുവജനങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ</u>**

3051 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ യുവജനക്ഷേമ കമ്മീഷൻ എത്ര സിറ്റിങ്ങുകൾ ഏതൊക്കെ ജില്ലകളിൽ നടത്തിയെന്നും അതിൽ എന്തൊക്കെ തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) സംസ്ഥാന യുവജനക്ഷേമ ബോർഡിലെയും യുവജനക്ഷേമ കമ്മീഷനിലെയും ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
02-03-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].